പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ:181

30.6.2009-ൽ മറുപടിയ്ക്ക്

## മത്സ്യഫെഡിന് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നുള്ള സഹായം

ചോദ്യം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ. എൻ.രാജൻ
ശ്രീ. എ.കെ. ചന്ദ്രൻ
ശ്രീ. പള്ളിപ്രം ബാലൻ
ശ്രീമതി .ഇ.എസ്. ബിജിമോൾ

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും മത്സ്യഫെഡിന് അധിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അധിക സഹായമായി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും മത്സ്യഫെഡിന് 2009-2010 സാമ്പത്തിക വർഷം ആകെ അനുവദിച്ച തുക 2660 ലക്ഷം രൂപയാണ്. 2008-09 വർഷത്തെ അപേക്ഷിച്ച് 1310 ലക്ഷം രൂപയാണ് 2009-2010 വർഷത്തിൽ അധികസഹായമായി ലഭിച്ചത്. |
| ബി) ഈ സഹായം മത്സ്യത്തൊഴിലാളികൾക്ക് ഏതെല്ലാം ഇനങ്ങളിലായി നൽകുന്നതിനുള്ള പദ്ധതികൾക്കാണ് അനുവദിച്ചിട്ടുള്ളത്; | ബി) മത്സ്യത്തൊഴിലാളികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടേം വായ്പയും, മത്സ്യത്തൊഴിലാളി സ്വയം സഹായ ഗ്രൂപ്പുകൾക്ക് മൈക്രോ ഫൈനാൻസ് വായ്പയും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾക്കാണ് സഹായം അനുവദിച്ചിട്ടുള്ളത്. |
| സി) കേരളത്തിലെ എത്ര മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ? | സി) 3280 മത്സ്യത്തൊഴിലാളികൾക്ക് ടേം വായ്പയും 17,000 പേർക്ക് മൈക്രോ ഫൈനാൻസ് വായ്പയും വിതരണം ചെയ്യുന്നതു വഴി 20280 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. |

Dinoja kumari.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 182 30.06.2009- ൽ മറുപടിക്ക്.

## പോലീസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും കേന്ദ്ര സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എ. സി. മൊയ്തീൻ<br>ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ആഭ്യന്തര വകുപ്പിനെ സംബന്ധിക്കുന്ന ഏതെല്ലാം വിഷയങ്ങളാണ് സഹായത്തിനോ അനുമതിക്കോ ആയി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത് ;<br><br>(ബി) അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ; | : (എ) & (ബി)<br>പോലീസ് സേനയുടെ നവീകരണം സംബന്ധിച്ച 2009-2010-ന്റെ (MoPF) പദ്ധതിവിഹിതം, കേരളാ പോലീസിന്റെ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റം(1625 ലക്ഷം രൂപ) സംബന്ധിച്ച പ്രോജക്ട് പ്രൊപ്പോസൽ, കേരളാ പോലീസിൽ സൈബർ ഫോറൻസിക് ഡിജിറ്റൽ അനാലിസിസ് സെന്ററിന്റെ നിർമ്മാണപ്രവർത്തനത്തിനുള്ള (1.69 കോടി രൂപ) ധനസഹായം, നാഷണൽ മറൈൻ പോലീസ് അക്കാഡമിയുടെ രൂപീകരണം, 2009-2010 ലെ പടക്കോപ്പുകൾ വാങ്ങുന്നതിനുവേണ്ടിയുള്ള ധനസഹായം, തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് ബോട്ട് വാടകയ്ക്ക് എടുത്ത് പട്രോളിംഗ് നടത്തുന്നതിനുള്ള POL ചാർജ്ജായി 3 ലക്ഷം രൂപയ്ക്കുള്ള അനുമതി, കേരള റെയിൽവേ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ, ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ |

(മറുപുറം)

ഫോഴ്സിനുള്ള 1.25 കോടി രൂപാ ധനസഹായം, റീജിയണൽ ഫോറൻസിക് ലാബോറട്ടറിയുടെയും ജില്ലാ മൊബൈൽ ഫോറൻസിക് ലാബോറട്ടറിയുടെയും രൂപീകരണം, നീതി ന്യായ വകുപ്പിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 42.48 കോടി രൂപാ ധനസഹായം, ജയിലുകളുടെ നവീകരണത്തിനായി 536.66 കോടി രൂപാ ഫയർ ഫോഴ്സിന്റെ നവീകരണം (93.39 കോടി രൂപാ) എന്നിവയ്ക്കുള്ള ധനസഹായം എന്നിവയാണ് കേന്ദ്രത്തിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. ഇതിൽ പോലീസ് സേനയുടെ നവീകരണത്തിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസലിൽ 2009-10-ലെ പദ്ധതിവിഹിതത്തിന്റെ ആദ്യഗഡുവായി **3.73** കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 8 തീരദേശപോലീസ് സ്റ്റേഷനുകൾക്കായി 24 ബോട്ടുകൾ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നു. ഇതിൽ ഒരു ബോട്ട് തയ്യാറായിട്ടുണ്ട്. ബാക്കി 23 ബോട്ടുകൾ ലഭിക്കാനുണ്ട്. സൈബർ സെന്റർ (സൈബർ ഫോറൻസിക് ആന്റ് ഡിജിറ്റൽ അനാലിസിസ് വിംഗ്) കേരള പോലീസിൽ ആരംഭിക്കുന്നതിന് ഒരു പ്രൊപ്പോസൽ കേന്ദ്രത്തിന് സമർപ്പിക്കുകയും ആയതിന് 168.82 ലക്ഷം രൂപ സഹായം അഭ്യർത്ഥിച്ചിരുന്നു. 130 ലക്ഷം രൂപ ലഭിച്ചു. ബാക്കി ലഭിക്കാനുണ്ട്. എസ്.എം.എസ്. (സ്പെഷ്യൽ മൊബൈൽ സ്ക്വാഡ്)-ന്റെ ചെലവിലേയ്ക്കായി 1999-2000 മുതൽ 2008-2009 വരെ 3,01,,35,099 രൂപയും സഹായം അഭ്യർത്ഥിച്ചിരുന്നു. ഇതിൽ 29,51,750 രൂപ ലഭിച്ചിട്ടുണ്ട്. ബാക്കി ലഭിക്കാനുണ്ട്.

(മറുപുറം)

| | | |
|---|---|---|
| (സി) തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട് ; | : | (സി) തീരദേശ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി **2005-06-ൽ** 98.80 ലക്ഷം രൂപ കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. **2006-07-ൽ** നീണ്ടകര പോലീസ് സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും, ജീപ്പ്, മോട്ടോർ സൈക്കിൾ എന്നിവ വാങ്ങുന്നതിനും വേണ്ടി 19.80 ലക്ഷം രൂപ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്.<br>2006-07-ൽ POL ചാർജ്ജായി രണ്ടു ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ 1,30,000/- രൂപ വരെ ബോട്ടുവാടകയിനത്തിൽ ചെലവായ തുക റീ-ഇംബേഴ്സ് ചെയ്യുന്നതിന് അനുവദിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങളും കേന്ദ്രസർക്കാർ നൽകിയിട്ടുണ്ട്. തീരദേശ സുരക്ഷയുടെ ഭാഗമായി, നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ ഉപയോഗത്തിനായി 12 ടണ്ണിന്റെ ഒരു ബോട്ട് ഉടനെ ലഭിക്കുന്നതാണ്. |
| (ഡി) സംസ്ഥാനത്ത് ഈ വർഷം എത്ര പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു ; അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ? | : | (ഡി) ഈ വർഷം പുതുതായി കേരളത്തിൽ അഞ്ചു പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നു. അവ ന്യൂ മാഹി, വിദ്യാനഗർ, തലയോലപ്പറമ്പ്, പൂത്തൂർ, ആലുവ ഈസ്റ്റ് എന്നിവിടങ്ങളിലാണ്. |

Ambikadevi S

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T 183** **30.06.2009 ലെ മറുപടിക്ക്**

## കെ.എസ്.ആർ.ടി.സിക്ക് നികുതി ഇളവ് അനുവദിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | ഡോ.റ്റി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ആർ.ടി.സി വാങ്ങുന്ന ഡീസൽ വിലയിൽ സെയിൽസ് ടാക്സ് ഉൾപ്പെടുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ എത്ര ശതമാനം; | (ബി) ഡീസലിന്റെ നികുതി നിരക്ക് **24.69** ശതമാനം ആണ്. |
| (സി) നഷ്ടം സഹിച്ച് അവശ്യസർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി യെ കടത്തിൽ നിന്ന് രക്ഷിക്കാൻ അവർക്കുള്ള ഡീസലിന്റെ വിലയിൽ നിന്ന് വിൽപ്പന നികുതി ഒഴിവാക്കുന്നതിന് ആലോചിക്കുമോ; | (സി) ഡീസലിന്റെ വിൽപ്പന നികുതി ഒഴിവാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് ഒരു നിശ്ചിത കാലയളവിലേക്കെങ്കിലും ടാക്സ് ഒഴിവാക്കാൻ തയ്യാറാകുമോ; | (ഡി) ഉത്തരം (സി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.184 30.06..2009 ൽ മറുപടിക്ക്**

**വാർഷികപദ്ധതികൾ പൂർത്തിയാക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.കെ.ഷാജു** | **ഡോ.റ്റി.എം.തോമസ് ഐസക്**<br>ധനകാര്യവകുപ്പ് മന്ത്രി |
| എ. സംസ്ഥാന ഗവൺമെന്റിന്റേയും ത്രിതല പഞ്ചായത്തുകളിലെയും വാർഷിക പദ്ധതികൾ യഥാക്രമം പൂർത്തീകരിക്കുന്നതിന് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽതന്നെ ആവശ്യ മായ തുക അനുവദിക്കുന്നതിനും വിവിധ അനുമതികൾ കാലതാമസം കൂടാതെ നൽകുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വിശദമാക്കാമോ; | പദ്ധതി പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവും ആക്കുന്നതിനായി പദ്ധതികൾക്കായുള്ള സാമ്പത്തികാനുമതി നടപടിക്രമങ്ങൾ സമഗ്രമായി പരിഷ്ക്കരിച്ചിട്ടുണ്ട്. 6.8.2008-ലെ സർക്കാർ ഉത്തരവ് (പി) 350/08/ധന പ്രകാരം ഭരണവകുപ്പിന്റെ സാമ്പത്തികാധികാരപരിധി ഉയർത്തിയിട്ടുണ്ട്. 6.8.2008-ലെ സർക്കാർ ഉത്തരവ് (പി) 351/08/ധന പ്രകാരം 3 കോടി രൂപവരെ അടങ്കൽ ഉള്ള പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമില്ല. ഇത് ബന്ധപ്പെട്ട വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകാവുന്നതാണ്. മുൻകാലങ്ങളിൽ പുറപ്പെടുവിച്ച ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ തുടർന്നുവരുന്ന തുടർപദ്ധതികൾക്ക് നീക്കിവച്ചിട്ടുള്ള വിഹിതം ബഡ്ജറ്റിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരം ചെലവഴിക്കുന്നതിനും ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമില്ല. 3 കോടിയിൽ കൂടുതൽ അടങ്കൽ വരുന്ന പുതിയ പദ്ധതികളുടെ ഭരണാനുമതിക്ക് നിലവിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സ്പെഷൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ആവശ്യമാണ്. എല്ലാമാസവും ഒന്നിലധികം സ്പെഷൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ചേർന്ന് ഇപ്രകാരമുള്ള ഭരണാനുമതി നൽകി വരുന്നുണ്ട്. ഭരണാനുമതിയുള്ള പദ്ധതികൾക്ക് ആവശ്യാനുസരണം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുക തടസ്സമില്ലാതെ ലഭ്യമാവുന്നുണ്ട്. പദ്ധതി ചെലവുകൾക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും നിലവിലില്ല. |

| | |
|---|---|
| | 21.4.2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.58/09/ത.സ്വ.ഭ..വ, പ്രകാരം 2009-10-ലെ വാർഷിക പദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും രണ്ട് ഘട്ടങ്ങളിലായി നടത്തുന്നതിനും, രണ്ട് ഘട്ടങ്ങളിലായോ രണ്ട് ഘട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഒരുമിച്ച് പൂർത്തിയാക്കി ഒറ്റത്തവണയായോ അംഗീകാരം നേടുന്നതിനും നിർദ്ദേശിക്കുന്ന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള തുക പത്ത് മാസ തവണകളായി മുടക്കംകൂടാതെ നൽകിവരുന്നുണ്ട്. 8.5.2008-ലെ നമ്പർ 18/08/ധന, 12.06.2009-ലെ നമ്പർ 49/09/ധന എന്നീ സർക്കുലറുകൾ പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാന പാദത്തിൽ വർദ്ധിതമായി പദ്ധതിവിഹിതം വിനിയോഗിക്കുന്നത് ഒഴിവാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലും കാര്യക്ഷമമായി പദ്ധതിവിഹിതം വിനിയോഗിക്കുന്നത് ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദാന്ത്യം, രണ്ടാംപാദാന്ത്യം, മൂന്നാംപാദാന്ത്യം, അവസാനപാദം ആകുമ്പോഴേക്ക് മൊത്തം പദ്ധതിവിഹിത വിനിയോഗം യഥാക്രമം 10, 40, 70, 100 ശതമാനമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| **ബി.** വാർഷിക പദ്ധതികൾ നടപ്പാക്കുന്നതിലെ പാളിച്ചകൾ ഒഴിവാക്കാൻ നല്ല നിലയിലുള്ള മോണിറ്ററിംഗും ഓഡിറ്റിംഗും നടപ്പാക്കുന്നതിന് പുതുതായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഓരോ പദ്ധതികൾക്കും മാർഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ചാണ് വിവിധ വകുപ്പുകളും ഏജൻസികളും പദ്ധതി നിർവ്വഹണം നടത്തുന്നത്. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പദ്ധതി നിർവ്വഹണത്തിന്റെ മേന്മ വർദ്ധിപ്പിച്ചും, സാമൂഹ്യാധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിയും, സാമൂഹ്യ ആഡിറ്റും വഴി ഉത്തരവാദിത്തങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് സദ്ഭരണ നിർവ്വഹണ പദ്ധതികൾ എല്ലാ പഞ്ചായത്തുകളിലും |

| | |
|---|---|
| | ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിപ്രവർത്തനങ്ങളുടെ പുരോഗതി വകുപ്പുതലത്തിലും മന്ത്രിതലത്തിലും വിലയിരുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.. ചീഫ് സെക്രട്ടറി പദ്ധതിപ്രവർത്തനങ്ങളുടെ പ്രതിമാസ അവലോകനം നടത്തിവരുന്നുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി അവലോകനം നടത്തിവരുന്നു. വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി, തെരഞ്ഞെടുക്കപ്പെട്ട സെക്രട്ടറിമാർ മെമ്പറന്മാരായുള്ള ഒരു കോർ ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ കാല താമസത്തിന്റെ കാരണങ്ങൾ പരിശോധിക്കുവാനും പ്രതിവിധി നിർദ്ദേശിക്കുവാനും ഒരു ഉന്നതതല കമ്മിറ്റിയെ ഉടനെ നിയോഗിക്കുന്നതാണ്. പഞ്ചായത്തുകളിലെ അക്കൗണ്ടിംഗും ആഡിറ്റിംഗും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും അക്കൗണ്ടന്റുമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ആഡിറ്റിംഗിന് പുറമേ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 185 — 30.06.2009-ൽ മറുപടിയ്ക്ക്

### വാർഷിക പദ്ധതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഊന്നൽ നൽകുന്ന മേഖലകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.വി.ജെ.തങ്കപ്പൻ | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ വാർഷിക പദ്ധതിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഏതെല്ലാം മേഖലകൾക്കാണ് ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നത്; | (എ) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2009-10 വാർഷിക പദ്ധതിയിൽ ചുവടെ പ്രതിപാദിക്കുന്ന മേഖലകൾക്കും പരിപാടികൾക്കും മുൻഗണന നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്,<br>1)ഭക്ഷ്യസുരക്ഷാ പദ്ധതി, പ്രാദേശിക വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് കുടുംബശ്രീ സംവിധാനത്തിലൂടെ തൊഴിലവസരങ്ങളും വരുമാന വർദ്ധനവും ഉണ്ടാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ഉല്പാദന മേഖലയിൽ നടപ്പാക്കൽ.<br>2)കൃഷിയിലും അനുബന്ധ മേഖലകളിലും ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ പരിപാടികൾ നടപ്പാക്കൽ<br>3)കേരളത്തിന് അനുയോജ്യമായ |

രീതിയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടപ്പാക്കൽ

4) പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കൽ

(ബി) കാർഷിക മേഖലയിലെ ഉൽപാദന വർദ്ധനവിനായി ഏന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശികമായാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. അതിന് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. കൃഷിയിറക്കുന്ന കർഷകർക്കും കുടുംബശ്രീ യൂണിറ്റുകൾക്കും സഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഉത്പാദനോപാധികളുടെ / സേവനങ്ങളുടെ പാക്കേജിൽ ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(i) വിത്ത്, വളം, കീടനാശിനികൾ മുതലായ ഉത്പാദനോപാധികൾ

(ii) പമ്പ് സെറ്റുകൾ, സ്പ്രെയറുകൾ, തുടങ്ങിയ കാർഷികോപകരണങ്ങൾ

(iii) ട്രാക്ടറുകൾ, ടില്ലറുകൾ, കൊയ്ത്ത് മെതിയന്ത്രങ്ങൾ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ

(iv) കർഷക ഗ്രൂപ്പുകൾക്ക്/ പാടശേഖര സമിതികൾക്ക്/കർഷക

തൊഴിലാളി ഗ്രൂപ്പുകൾക്ക്/കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്.

(v) തൊഴിലാളികൾക്ക് യന്ത്രങ്ങൾ ഉപയോഗിക്കാനും കേടുപാടുകൾ തീർക്കാനുമുള്ള പരിശീലനം.

(vi) വിള ഇൻഷ്വറൻസ് ഉൾപ്പെടെ നെൽകൃഷി ചെലവിന് ധനസഹായം

(vii) ആവശ്യമുള്ളിടത്ത് നെല്ല് സംഭരിക്കാനുള്ള സൗകര്യങ്ങൾ.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജലസംരക്ഷണത്തിനായി കുളങ്ങൾ,ചെക്കുഡാമുകൾ എന്നിവയുടെ നിർമ്മാണം ജല സ്രോതസ്സുകളിലെയും തോടുകളിലെയും കനാലുകളിലെയും ചെളി നീക്കം ചെയ്യുവാനുള്ള പ്രവൃത്തികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്കരണത്തിലൂടെ ഭൂമി ലഭിച്ചവർ, ഐ.എ.വൈ. ഗുണഭോക്താക്കൾ എന്നിവരുടെ സ്വന്തംഭൂമിയിൽ ജലസേചന സൗകര്യവും നീർത്തടാടി സ്ഥാനത്തിൽ ചെറുകിട-പരിമിത കർഷകരുടെ 5 ഏക്കർ വരെയുള്ള കൃഷി ഭൂമിയിൽ നടത്തുന്നഭൂവികസനപരിപാടികളും നടപ്പാക്കാവുന്നതാണ്.

| | | | |
|---|---|---|---|
| (സി) | പച്ചക്കറി കൃഷിക്ക് പ്രാധാന്യം നൽകുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുമോ; | (സി) | ഓരോ തദ്ദേശഭരണ സ്ഥാപനവും പച്ചക്കറിയുടെ ആവശ്യകത നിർണ്ണയിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുടുംബശ്രീ സംവിധാനത്തിലൂടെ ഹ്രസ്വകാല വിളകളായ നെല്ല്, വാഴ, മരച്ചീനി, കുരുമുളക്, മഞ്ഞൾ , ഫോഡർ വിളകൾ മുതലായവയുടെ ഉൽപ്പാദനക്ഷമതയും വർദ്ധനവും കൈവരിച്ച് പരമാവധി വരുമാനം ഉറപ്പാക്കുന്നതിലേയ്ക്ക് ലീസ് ലാന്റ് ഫാമിംഗ്, സമഗ്ര എന്നീ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ സമഗ്ര പദ്ധതിയിലൂടെ 140 ഹെക്ടറിൽ പച്ചക്കറികൃഷിയും 2191 ഹെക്ടറിൽ വാഴ, കൈതച്ചക്ക എന്നിവയും കൃഷിചെയ്തിട്ടുണ്ട്. |
| (ഡി) | കാർഷിക മേഖലയുമായി ബന്ധപ്പെട്ട് വാർഷിക പദ്ധതിയുടെ എത്ര ശതമാനമാണ് നീക്കിവച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ? | (ഡി) | ഉത്പാദന മേഖലയ്ക്ക് ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 40 ശതമാനവും നഗരസഭകൾ 10 ശതമാനവും തുക നിർബന്ധമായും നീക്കിവയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 186</u>    <u>30/6/2009 – ൽ മറുപടിയ്ക്ക്</u>

## <u>പോലീസ് സേനയിലെ അഴിമതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ജോർജ് എം. തോമസ് :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ :<br>ശ്രീമതി. കെ. കെ. ലതിക : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) പോലീസ് സേനയിലെ അഴിമതി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;<br><br>(ബി) ഇതിനായി ' പോലീസ് വിജിലൻസ് വിംഗ് ' രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ആൻറ് (ബി) :<br>കേരള പോലീസിൽ അഴിമതി നിർമാർജ്ജനം ചെയ്യുന്നതിൻെറ ഭാഗമായി " ഇൻേറർണൽ വിജിലൻസ് സംവിധാനം" ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു പോലീസ് ഇൻസ്പെക്ടർ ജനറലിനെ സംസ്ഥാന തലത്തിൽ ഇൻേറർണൽ ചീഫ് വിജിലൻസ് ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അഴിമതി സംബന്ധമായ പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിനായി പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട പോലീസ് ഓഫീസർമാരെ ഇൻേറർണൽ വിജിലൻസ് ഓഫീസർമാരായി ചുമതലപ്പെടുത്തി ഒരു ടീം രൂപവൽക്കരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) പോലീസുകാർ പ്രതികളായുള്ള എത്ര കേസുകൾ ഇപ്പോൾ നിലവിലുണ്ട് ; ഇവ നിഷ്പക്ഷമായും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) പോലീസുകാർ പ്രതികളായുള്ള 390 കേസുകൾ നിലവിലുണ്ട്. ഈ കേസുകൾ നിഷ്പക്ഷമായും കാര്യക്ഷമമായും കൈകാര്യം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 187

30.6.2009-ൽ മറുപടിയ്ക്ക്

കേന്ദ്ര കാർഷിക കടാശ്വാസ പദ്ധതിയിൽ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.ബാബുപ്രസാദ് | ശ്രീ. എസ്. ശർമ്മ (മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കേന്ദ്രം നടപ്പിലാക്കിവരുന്ന കാർഷിക കടാശ്വാസ പദ്ധതിയുടെ പരിധിയിൽ മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്.. |
| ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | ബി) കേന്ദ്ര ഗവൺമെന്റ് 2008-09 ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച കാർഷിക വായ്പ എഴുതി തള്ളൽ/ കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കിയത് കേന്ദ്ര ഗവൺമെന്റും, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയും പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരമാണ്. മാർഗ്ഗ നിർദ്ദേശത്തിൽ മത്സ്യകർഷകരേയും, മത്സ്യത്തൊഴിലാളികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും, പ്രാദേശിക ഗ്രാമീണ ബാങ്കുകളും, അർബൻ സഹകരണ വായ്പാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സഹകരണ വായ്പാ സ്ഥാപനങ്ങൾ, ലോക്കൽ ഏരിയ ബാങ്കുകൾ, തുടങ്ങിയവയും ഇടത്തരം ചെറുകിട കർഷകർ/മത്സ്യകർഷകർ/മത്സ്യത്തൊഴിലാളികൾ എന്നിവർക്കു നേരിട്ടു നൽകുന്ന കാർഷിക വായ്പകളാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. മത്സ്യഫെഡിന് കീഴിലുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിയും ഫിഷറീസ് മന്ത്രിയും പ്രധാനമന്ത്രി, ധനമന്ത്രി, കൃഷിമന്ത്രി ശ്രീ.ശരത്പവാർ എന്നിവർക്ക് പലപ്രാവശ്യം കത്തെഴുതുകയും ഫിഷറീസ് മന്ത്രി ശ്രീ ശരത്പവാറിനെ കണ്ട് നേരിട്ട് ഈ ആവശ്യം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) കേന്ദ്രത്തിൽ നിന്നും ഇക്കാര്യത്തിൽ സംസ്ഥാനത്തിന് എന്ത് മറുപടി ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | സി) എന്നാൽ ഇക്കാര്യം പരിഗണിക്കാൻ കഴിയില്ലെന്നാണ് കേന്ദ്ര സർക്കാർ രേഖാമൂലം അറിയിച്ചിട്ടുള്ളത്. കൂടാതെ നബാർഡ് മേഖലാ ഓഫീസിന്റെ 20-6-08 ലെ കത്ത് പ്രകാരം ക്ഷീര സംഘങ്ങൾ മത്സ്യത്തൊഴിലാളി സംഘങ്ങൾ, ലിഫ്റ്റ് ഇറിഗേഷൻ സംഘങ്ങൾ തുടങ്ങിയവയെ Co-operative credit institution ആയി കണക്കാക്കിയിട്ടില്ല എന്നും അതിനാൽ അത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വായ്പകൾ പദ്ധതിയുടെ പരിധിയിൽ വരുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്. |
| ഡി) ഇല്ലെങ്കിൽ ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ഉന്നയിച്ചിട്ടുണ്ടോ? | ഡി ) ഉണ്ട്. പുതിയ കേന്ദ്ര സർക്കാർ നിലവിൽ വന്നതിനുശേഷം 3-6-09 ൽ കേന്ദ്ര കൃഷി മന്ത്രി ശ്രീ.ശരത്പവാറിനും സഹമന്ത്രി ശ്രീ.കെ.വി. തോമസിനും തീരുമാനം പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ഫിഷറീസ് മന്ത്രി കത്തെഴുതിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 188 — 30.06.2009- ൽ മറുപടിക്ക്.

**കടൽ ജാഗ്രതാ സമിതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു പോൾ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എ. കെ. ചന്ദ്രൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) തീര സുരക്ഷയുടെ ഭാഗമായി കടൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) ഈ സമിതികളിലെ പ്രാതിനിധ്യം എങ്ങനെയാണ് എന്ന് നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;<br><br>(സി) ഈ സമിതികളുടെ ചുമതലകൾ എന്തായിരിക്കും ; സമിതിയംഗങ്ങൾക്ക് എന്തെങ്കിലും പ്രത്യേകതരം പരിശീലനം നൽകാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ? | : (ബി) & (സി)<br>ജില്ലാതലത്തിൽ ജില്ലാ ജാഗ്രതാ സമിതിയും, പ്രാദേശികതലത്തിൽ പ്രാദേശിക ജാഗ്രതാ സമിതിയും, പ്രാദേശിക ജാഗ്രതാ ഉപസമിതിയും പ്രവർത്തിക്കുന്നു. ഇവയുടെ ഘടന, ചുമതലകൾ, സമിതിയംഗങ്ങളുടെ പരിശീലനം എന്നിവ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

Ambikadevi S
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ് -

പന്ത്രണ്ടാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.189. 30.06.2009-ൽ മറുപടിക്ക്.

ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.രാജു<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.കെ.അജിത്<br>ശ്രീ.പള്ളിപ്രം ബാലൻ | ശ്രീ.പാലൊളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിൽ ഗുണപരമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിലേക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) ജനകീയാസൂത്രണ പദ്ധതി യുടെ നടത്തിപ്പിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(1)പദ്ധതി നടത്തിപ്പിന്റെ സുതാര്യതയും ജനപങ്കാളിത്തവും വർദ്ധിപ്പിക്കുക.<br>(2)പ്രോജക്ടുകളുടെ ഭൗതിക-സാമ്പത്തിക ലക്ഷ്യങ്ങൾ വിഭാവനചെയ്തിരിക്കുന്നത് പ്രകാരം കൈവരിക്കുന്നതിന് പദ്ധതി നടത്തിപ്പ് നിരന്തര മോണിട്ടറിംഗിന് വിധേയമാക്കുക.<br>(3)മഴക്കാലത്തിനു മുമ്പ് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ,ഏപ്രിൽ - മേയ് മാസങ്ങളിലായി നടപ്പാക്കേണ്ട അറ്റകുറ്റപ്പണികൾ, മഴക്കാലത്ത് നടപ്പാക്കേണ്ട പരിപാടികൾ തുടങ്ങി ഒരു പ്രത്യേക കാലയളവിൽ (സീസൺ) നടപ്പാക്കേണ്ട പ്രവൃത്തികൾ തുടങ്ങിയവ അതത് സമയത്തുതന്നെ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. |

| | | | |
|---|---|---|---|
| (ബി) | പദ്ധതികളുടെ നടത്തിപ്പിൽ ജനപങ്കാളിത്തം വേണ്ടവണ്ണം ലഭിക്കുന്നില്ലെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ എന്ത് പരിഹാരമാർഗ്ഗങ്ങളാണ് നിർദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്.<br>(1) ഗ്രാമസഭകളും വാർഡ് സഭകളും ശക്തിപ്പെടുത്തുക.<br>(2)സോഷ്യൽ ഓഡിറ്റ് വ്യാപകമാക്കുക.<br>(3)പദ്ധതിയുടെ നടത്തിപ്പിൽ ഗുണഭോക്താക്കളുടെയും ഗുണഭോക്തൃ സമിതിയുടെയും പങ്കാളിത്തവും ഇടപെടലുകളും വർദ്ധിപ്പിക്കുക. ഇതിന്റെ ഭാഗമായി ഗുണഭോക്തൃ സമിതികൾക്ക് നിർവഹണം നടത്താവുന്ന അടങ്കൽ തുകയുടെ പരിധി 5 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190 | 30.06.2009 ലെ മറുപടിക്ക്

## ഉൽപ്പന്ന - സേവന നികുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | ഡോ.റ്റി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) ഉൽപ്പന്ന - സേവന നികുതി (ജി.എസ്.റ്റി) സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) ഉൽപന്ന സേവന നികുതി സമ്പ്രദായം 01.04.2010 മുതൽ നടപ്പിൽ വരുത്താനുദ്ദേശിക്കുന്നുവെന്ന് 2006 ലെ കേന്ദ്രബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഏതെല്ലാം സേവനങ്ങൾ സംസ്ഥാനത്തിന് കൈമാറണം, ചരക്കുകളുടെ നികുതി നിരക്ക് എത്രയായിരിക്കണം, നഷ്ടപരിഹാര പാക്കേജ് എങ്ങനെയായിരിക്കണം തുടങ്ങി ഒട്ടനവധി കാര്യങ്ങൾ സംസ്ഥാന ധനകാര്യ മന്ത്രിമാരുൾപ്പെടുന്ന ഉന്നതാധികാര സമിതിയിൽ ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണ്. ഇതിന്മേൽ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) ജി.എസ്.റ്റി നടപ്പിലാക്കുന്നതോടെ വാറ്റ് ഇല്ലാതാകുമോ; ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ഈ പുതിയ നികുതി എങ്ങനെ ബാധിക്കും; | (ബി) ഉല്പന്നസേവനനികുതി എന്നത് പുതിയ നികുതി സമ്പ്രദായമല്ല. ഇത് മൂല്യവർദ്ധിതനികുതി സമ്പ്രദായത്തിന്റെ യുക്തിസഹമായ ഉപസംഹാരമാണ് (logical conclusion). മൂല്യവർദ്ധിത നികുതിയുൾപ്പെടെ സംസ്ഥാനത്തെ പല നികുതികളും ഏകീകൃതമായി ഇതിൽ ലയിച്ചുചേരും (subsumed). പ്രാപ്യസ്ഥാനത്ത് നികുതി ലഭിക്കുന്ന രീതിയിൽ (destination based) ഈ സമ്പ്രദായം നടപ്പാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത് എന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് ഗുണകരമായിരിക്കും. സംസ്ഥാനത്ത് നിലവിലുള്ള മൂല്യവർദ്ധിതനികുതി നിയമപ്രകാരം അന്തർസംസ്ഥാന പർച്ചേസിന് ഇൻപുട്ട് ടാക്സ് ക്രഡിറ്റ് ലഭിക്കുന്നില്ല. എന്നാൽ ഉൽപന്ന സേവനനികുതി നിയമപ്രകാരം അന്തർസംസ്ഥാന പർച്ചേസുകൾക്ക് ഇൻപുട്ട് ടാക്സ് ക്രഡിറ്റ് ലഭിക്കും. സേവനനികുതി ഇപ്പോൾ പിരിക്കുന്നത് കേന്ദ്രസർക്കാരാണ്. ഇതിൽ നിന്നും ചില സേവന മേഖലകൾ സംസ്ഥാനത്തിന് കൈമാറ്റം ചെയ്തുകിട്ടും. ഇത് സംസ്ഥാനത്തിന് നേട്ടമാണ്. മൂല്യവർദ്ധിതനികുതി നിയമം നടപ്പാക്കിയപ്പോൾ സംസ്ഥാനങ്ങൾക്ക് സംഭവിച്ച നഷ്ടം നികത്തുന്നതിനായി ഏർപ്പെടുത്തിയതിലും കാര്യക്ഷമമായ സംവിധാനം ഈ ഘട്ടത്തിലും ഏർപ്പെടുത്തണമെന്നതാണ് സംസ്ഥാനസർക്കാരിന്റെ അഭിപ്രായം. ഇത് അംഗീകരിക്കപ്പെടുകയാണെങ്കിൽ അതും നേട്ടമായിരിക്കുമെന്നതിൽ സംശയമില്ല. |

(സി) നികുതികൾ ഏകീകരിക്കുന്നത് സംബന്ധിച്ചും പരിഷ്കരിക്കുന്നത് സംബന്ധിച്ചും എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ; വിശദാംശം നൽകാമോ?

(സി) പുതിയ നികുതി സമ്പ്രദായം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി റവന്യൂ ന്യൂട്രൽറേറ്റ്, നഷ്ടപരിഹാരപാക്കേജ് എന്നിവയെക്കുറിച്ച് പഠിക്കുന്നതിനായി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി 5 അംഗ കമ്മിറ്റി രൂപീകരിക്കുകയും ശുപാർശകൾ സർക്കാരിലേക്ക് സമർപ്പിക്കുകയും നിബന്ധനകൾക്ക് വിധേയമായി സർക്കാർ അവ അംഗീകരിക്കുകയും ചെയ്തു.

1. നഷ്ടപരിഹാരത്തുക നിശ്ചയിക്കുമ്പോൾ കേന്ദ്രപൂളിൽ നിന്നും സംസ്ഥാനങ്ങൾക്കുള്ള വിഹിതത്തിന്റെ പ്രഭാവം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഉല്പന്ന സേവനനികുതി നടപ്പാക്കുന്നതിന്റെ ഭാഗമായി നികുതിപിരിവിൽ വരുന്ന കുറവു മാത്രമല്ല, കേന്ദ്ര വിഹിതത്തിൽ വരുത്തുന്ന കുറവുകൂടി കേന്ദ്രസർക്കാർ അനുവദിക്കേണ്ടതുണ്ട്. സംസ്ഥാനത്തിനുള്ള കേന്ദ്ര ഓഹരി വർദ്ധിപ്പിക്കുന്നതിനായി കേരളസർക്കാർ 13 ാം ധനകാര്യകമ്മീഷന് നൽകിയ മെമ്മോറാണ്ടം കൂടി ഈ സന്ദർഭത്തിൽ കണക്കിലെടുക്കേണ്ടതാണ്.

2. സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി നിയമത്താൽ ഏർപ്പെടുത്തപ്പെട്ട ഒരു സംവിധാനം രൂപ കൽപന ചെയ്യേണ്ടതാണ്.

3. സംസ്ഥാനത്തിന് കൈമാറാനുദ്ദേശിക്കുന്ന സേവനങ്ങളെ സംബന്ധിച്ച് ലഭിച്ച വിവരങ്ങൾ അപര്യാപ്തമായതിനാൽ സംസ്ഥാനത്തിനനുയോജ്യമായ റവന്യൂ ന്യൂട്രൽ റേറ്റ് നിശ്ചയിക്കാനായിട്ടില്ല.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ. 191 — 30.6.2009-ൽ മറുപടിയ്ക്ക്

### കേന്ദ്ര ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി:<br>ശ്രീ.തോമസ് ചാഴികാടൻ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. കേന്ദ്ര ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കേരളത്തിൽ ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ. ഉണ്ട്. |
| ബി. പ്രസ്തുത ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും നേട്ടമുണ്ടാക്കാവുന്ന പദ്ധതികൾ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | ബി. ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ഭൂപരിഷ്കരണം മൂലം സ്ഥലം ലഭിച്ചവർ, ഇന്ദിരാ ആവാസ് യോജനയുടെ ഗുണഭോക്താക്കൾ എന്നിവരുടെ സ്വന്തം ഭൂമിയിൽ ജലസേചന ഭൂവികസന പദ്ധതികൾ ഏറ്റെടുക്കുവാൻ ഈ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. |
| സി. സംസ്ഥാനം തൊഴിലുറപ്പു പദ്ധതി ചെലവിന്റെ എത്ര ശതമാനം 2008-09-ൽ മേൽവിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി വിനിയോഗിച്ചെന്ന് വ്യക്തമാക്കുമോ ? | സി. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പദ്ധതി ചെലവിന്റെ 26% വേതനമായും കൂടാതെ 1.58% തുക ഭൂവികസന പ്രവർത്തനങ്ങൾക്കായും ചെലവഴിച്ചിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിന്റെ പ്രത്യേക കണക്ക് ലഭ്യമല്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങൾക്ക് ഭാവിയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ നീർത്തടാടിസ്ഥാനത്തിൽ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 182 — 30.06.2009-ൽ മറുപടിയ്ക്ക്

**ജനകീയാസൂത്രണ പദ്ധതി നടപ്പാക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.എം.എ.വാഹിദ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) ജനകീയാസൂത്രണ പദ്ധതികൾ ഈ വർഷം മുതൽ രണ്ടുഘട്ടമായി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ; | (എ) 2008-09 വാർഷിക പദ്ധതി മുതൽ ജനകീയാസൂത്രണ പദ്ധതി രണ്ട് ഘട്ടമായി തയ്യാറാക്കി നടപ്പാക്കുന്ന സമ്പ്രദായം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഓരോ ഘട്ടത്തിലും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കേണ്ടതെന്ന് വിശദമാക്കുമോ; | (ബി) മഴക്കാലത്ത് നടപ്പാക്കേണ്ട കാർഷിക പരിപാടികൾ, മഴക്കാലത്തിന് മുൻപ് നടപ്പാക്കേണ്ട രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ഏപ്രിൽ-മെയ് മാസങ്ങളിലായി സ്കൂളുകൾ, ആശുപത്രികൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ നടപ്പാക്കേണ്ട മെയിന്റനൻസ് പ്രവൃത്തികൾ, അംഗൻവാടികൾക്ക് പഠന സഹായികളും ഉപകരണങ്ങളും വാങ്ങൽ, 2009-10-ലെ എസ്.എസ്.എ. പദ്ധതി , അടിയന്തിര പ്രാധാന്യമുള്ള മറ്റ് പ്രോജക്ടുകൾ എന്നിവ ഒന്നാംഘട്ടത്തിലും 2009-10-ലെ |

പൂർണ്ണവാർഷിക പദ്ധതിയും മറ്റ് പ്രോജക്ടുകളും തരംതിരിച്ചിട്ടുള്ളതാണ് ഉദ്ദേശിക്കേണ്ടത്.

(സി) ഓരോ ഘട്ടത്തിലെയും പദ്ധതികൾ ഏതു തീയതിക്കു മുമ്പായാണ് ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾക്ക് നൽകേണ്ടതെന്ന് അറിയിക്കുമോ;

(സി) 2009-10 വാർഷിക പദ്ധതിയിലെ ഒന്നാംഘട്ട പ്രോജക്ടുകൾ 2009 മേയ് 30-ന് മുമ്പും രണ്ടാംഘട്ട പ്രോജക്ടുകൾ 2009 ജൂലൈ 10-ന് മുമ്പും ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾക്ക് നൽകേണ്ടതാണെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) ഇപ്രകാരം ജനകീയാസൂത്രണ പദ്ധതികൾ രണ്ടുഘട്ടമായി നടപ്പാക്കുന്നത് കൊണ്ടുള്ള പ്രയോജനം എന്തെന്ന് പറയുമോ?

(ഡി) 1) പ്രത്യേക കാലങ്ങളിൽ (സീസണൽ) നടപ്പാക്കേണ്ട പരിപാടികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലൂടെ നിർവഹണത്തിന് കൂടുതൽ സമയം ലഭ്യമാക്കുവാനും പദ്ധതിയുടെ പ്രതീക്ഷിതഫലം കൈവരിക്കുന്നതിനും കഴിയുന്നു.

2) പദ്ധതി നടത്തിപ്പിലുള്ള ക്രമങ്ങളും പദ്ധതി ചെലവും സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ കേന്ദ്രീകരിക്കുന്നതു കൊണ്ടുണ്ടാകുന്ന പോരായ്മകൾ പരിഹരിക്കുവാൻ കഴിയുന്നു.

3) സ്പിൽ ഓവർ പ്രോജക്ടുകളും അംഗനവാടി പോഷകാഹാര പ്രോജക്ടുകളും ഏപ്രിൽ ഒന്നുമുതൽ തന്നെ തുടർന്ന് നടപ്പാക്കുവാനും ജൂൺ മാസത്തിനുമുമ്പായി ഗുണഭോക്താക്കളെയും ആസ്തികളുടെയും മെയിന്റ്

നൻസ്, എൻ എസ് എ പദ്ധതിയുടെ നിർവഹണം എന്നിവ നടത്താൻ കഴിയും. ആരോഗ്യ രംഗത്ത് മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങളും ആശുപത്രികളുടെ മെയിന്റനൻസ്, മരുന്നു വാങ്ങൽ എന്നിവ മഴക്കാലത്തിനുമുമ്പ് പൂർത്തിയാക്കുവാനും കഴിയും.

മെഡിക്കൽ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :193 | 30-6-2009-ൽ മറുപടിയ്ക്ക്

## മൺസൂൺ ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി കുമാർ :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.എ.പ്രദീപ് കുമാർ :<br>ശ്രീ.മഞ്ഞളാംകുഴി അലി :<br>ശ്രീ.എ.സി.മൊയ്തീൻ : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ബഹു.ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) മൺസൂൺ ടൂറിസം കൊണ്ട് എന്താണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ ; | (എ) ആയുർവേദ ചികിത്സ, കായലുകളിലൂടെയും കനാലുകളിലൂടെയുമുള്ള ഹൗസ് ബോട്ടിലെ താമസം, യാത്ര എന്നിവയ്ക്ക് പ്രാമുഖ്യം നൽകി മൺസൂൺ കാലത്ത് കേരളത്തിലേയ്ക്ക് വിദേശ, സ്വദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് നടപ്പിലാക്കിയ ഒരു പദ്ധതിയാണ് മൺസൂൺ ടൂറിസം. |
| (ബി) മൺസൂൺ ടൂറിസം ആകർഷകമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി) കേരളത്തിലെ ടൂർ ഓപ്പറേറ്റർമാർ, ഹോട്ടലുകൾ, ആയുർവേദ റിസോർട്ടുകൾ, ഹോംസ്റ്റേ സംരംഭകർ എന്നിവരുടെ ടൂർ പാക്കേജുകൾ ഉൾപ്പെടുത്തി മൺസൂൺ ടൂറിസത്തെ' ഡ്രീം സീസൺ' എന്ന രീതിയിൽ ആവിഷ്കരിച്ച് പ്രചാരണം നടത്തി വരുന്നു. പ്രചാരണത്തിനായി കേരള ടൂറിസം വെബ്സൈറ്റിലൂടെ പ്രസ്തുത ടൂർ പാക്കേജുകൾ ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കികൊണ്ടിരിക്കുന്നതു കൂടാതെ റേഡിയോ - |

പത്രം എന്നിവയിലൂടെയും വിപുലമായ പ്രചാരണം നടത്തി വരുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള പാക്കേജുകളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) മൈക്രോ വെബ് സൈറ്റിലൂടെ ടൂർ പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുള്ള സംരംഭകരുടെ തരം തിരിച്ചുള്ള എണ്ണവും പാക്കേജുകളുടെ എണ്ണവും :

| സംരംഭകർ | എണ്ണം | പാക്കേജുകളുടെ എണ്ണം |
|---|---|---|
| ടൂർ ഓപ്പറേറ്റേഴ്സ് | 47 | 42 |
| റിസോർട്ടുകൾ | 31 | 25 |
| ഹോട്ടലുകൾ | 16 | 13 |
| ഹോം സ്റ്റേ | 12 | 07 |
| ഹൗസ് ബോട്ടുകൾ | 08 | 07 |
| ആയുർവേദ സെന്ററുകൾ | 10 | 09 |
| ആകെ | 124 | 103 |

ബഡ്ജറ്റ് അടിസ്ഥാനത്തിലുള്ള ടൂർ പാക്കേജുകളുടെ കണക്ക് :

5000 രൂപ വരെയുള്ള പാക്കേജ് - 39 എണ്ണം

5000 - 10,000 രൂപ വരെയുള്ള പാക്കേജ് - 73

10,000 - 20,000 രൂപ വരെയുള്ള പാക്കേജ് - 46

20,000 - 30,000 രൂപ വരെയുള്ള പാക്കേജ് - 29

30,000 രൂപയ്ക്കു മുകളിലുള്ളവ - 25

ആകെ - 212

ടൂർ പാക്കേജുകൾ www.keralatourism.org/.dreamseason എന്ന മൈക്രോ സൈറ്റിൽ കൂടി uplink ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പാക്കുന്നതിന്

(ഡി) സ്വകാര്യ സംരംഭകരുടെ ടൂർ പാക്കേജുകൾ

| | | | |
|---|---|---|---|
| | സ്വകാര്യ സംരംഭകർക്ക് പ്രത്യേക സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | | കേരള ടൂറിസം വെബ്സൈറ്റിൽ uplink ചെയ്യാനും റേഡിയോ പത്രം എന്നിവയിലൂടെ പ്രചരിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | മൺസൂൺകാല ടൂറിസത്തിന് എത്തുന്നവരിൽ നല്ലൊരു വിഭാഗം ആയുർവേദ ചികിത്സാ കേന്ദ്രങ്ങളിൽ എത്തുന്നതിനാൽ ഈ ചികിത്സാ കേന്ദ്രങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; | (ഇ) | ടൂറിസം വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്ന ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾക്ക് അവയുടെ ഗുണനിലവാരമനുസരിച്ച് ഗ്രീൻ ലീഫ്, ഒലിവ് ലീഫ് എന്നിങ്ങനെ ക്ലാസ്സിഫിക്കേഷൻ നൽകി വരുന്നു. |
| (എഫ്) | മൺസൂൺ കാലത്ത് ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (എഫ്) | കേരളത്തിലെ ടൂർ ഓപ്പറേറ്റർമാർ, ഹോട്ടലുകൾ, ആയുർവേദ റിസോർട്ടുകൾ, ഹോംസ്റ്റേ സംരംഭകർ എന്നിവരുടെ ടൂർ പാക്കേജുകൾ പ്രചാരണത്തിനായി കേരള ടൂറിസം വെബ്സൈറ്റിലൂടെ ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കികൊണ്ടിരിക്കുന്നു. റേഡിയോ - പത്രം എന്നിവയിലൂടെയും ഡ്രീം സീസൺ പാക്കേജുകളെ കുറിച്ചുള്ള പ്രചാരണം നൽകി വരുന്നു. കൂടാതെ ടൂർ പാക്കേജുകൾ ടൂറിസ്റ്റുകൾക്ക് www. keralatourism.org/.dreamseason എന്ന മൈക്രോ സൈറ്റിൽ കൂടി കണ്ടെത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 194

30.6.2009-ൽ മറുപടിയ്ക്ക്

## മിനി ഫിഷിംഗ് ഹാർബറുകൾ

ചോദ്യം

ശ്രീ. കെ.അജിത്
ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ. വി.എസ്. സുനിൽകുമാർ
ശ്രീ. പി. തിലോത്തമൻ
ശ്രീ. ബാബു പോൾ

എ) നബാർഡിന്റെ സഹായത്തോടെ തീരപ്രദേശത്ത് മിനി ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രോജക്ട് ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഇപ്രകാരം മിനി ഫിഷിംഗ് ഹാർബറുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം ഉള്ളത്; ഈ പദ്ധതിക്ക് ആകെ എത്ര കോടി രൂപ ചിലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) യും ബി)യും

നബാർഡിന്റെ (RIDF XIV) സഹായത്തോടെ മഞ്ചേശ്വരം, ചെറുവത്തൂർ, വെള്ളയിൽ, പരപ്പനങ്ങാടി, താനൂർ, ചേറ്റുവ, ചെല്ലാനം രണ്ടാംഘട്ടം, അർത്തുങ്കൽ രണ്ടാംഘട്ടം, ചെത്തി രണ്ടാംഘട്ടം, ചിലക്കൂർ, വലിയതുറ എന്നീ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം ടി പ്രൊപ്പോസലുകൾ അംഗീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ മേൽപ്പറഞ്ഞവ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്തു നടത്തുന്നതിനാണ് നിശ്ചയിച്ച് നടപടി സ്വീകരിച്ചുവരുന്നത്. ഇതിൽ ചെത്തി രണ്ടാംഘട്ടത്തിന് സ്റ്റേറ്റ് ബഡ്ജറ്റിൽ നിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു.

Rija Kumari
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ:195

30.6.2009-ൽ മറുപടിയ്ക്ക്

ഫിഷറീസ് സർവ്വകലാശാല

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. എം.കെ.പുരുഷോത്തമൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി.വിശ്വൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഫിഷറീസ് സർവ്വകലാശാല സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) ഫിഷറീസ് സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിന് ഒരു വിദഗ്ധ സമിതി (ടാസ്ക് ഫോഴ്സ്) രൂപീകരിച്ചു. സമിതി അംഗങ്ങൾ വിവിധ സർവ്വകലാശാലകൾ സന്ദർശിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് യു.ജി.സി, കേന്ദ്ര ഭൗമ ശാസ്ത്ര മന്ത്രാലയം, ഐ.സി.എ.ആർ എന്നിവയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കയാണ്. |
| ബി) ഫിഷറീസ് സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തിയ ഡോ. രവീന്ദ്രൻ കമ്മിറ്റിയുടെ കണ്ടെത്തലുകളും ശുപാർശകളും എന്തെല്ലാമാണ്; | ബി) മത്സ്യബന്ധന മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനും, വിദേശ നാണ്യം നേടിയെടുക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ജീവിതക്ലേശങ്ങൾ പരിഹരിക്കുന്നതിനും ഈ സർവ്വകലാശാല സ്ഥാപിക്കുന്നത് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നതായാണ് കമ്മിറ്റിയുടെ കണ്ടെത്തൽ.<br><br>**കമ്മറ്റിയുടെ ശുപാർശകൾ**<br><br>1. കേരളത്തിന്റെ ജല വിഭവ ശേഷി സുസ്ഥിര മത്സ്യോല്പാദനത്തിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അധിക സമ്പത്ത് ഉല്പാദിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്തുക.<br>2. ആഗോളവത്കരണത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യമേഖലയിൽ പ്രത്യേക വൈദഗ്ദ്ധ്യം നേടിയ മത്സ്യ ശാസ്ത്രജ്ഞരുടെയും മത്സ്യഗവേഷകരുടേയും ഒരു നീണ്ട നിര സൃഷ്ടിക്കുന്നതിന് പ്രോത്സാഹനം നൽകുക.<br>3. പാവപ്പെട്ട ആളുകളുടെ വൈദഗ്ദ്ധ്യപോഷണത്തിന് മുൻഗണന നൽകുകയും മത്സ്യമേഖലയിലും അനുബന്ധ മേഖലയിലും പുതിയ ജീവിത മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുക. 2025-ൽ 32 ലക്ഷം ആളുക |

| | |
|---|---|
| | ൾക്ക് മത്സ്യമേഖലയിൽ പ്രത്യക്ഷമായോ പരോക്ഷമായോ തൊഴിൽ ലഭ്യമാക്കുന്നതിന് സാധ്യത നിലവിലുണ്ട്.<br>4. സ്വന്തം ചുമതലയിലും ഉത്തരവാദിത്തത്തിലും സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനുമുള്ള വിദഗ്ദ്ധ പരിശീലനം നൽകുക.<br>5. തീരദേശ മേഖല പരിപോഷിപ്പിക്കുന്നതിനും സ്ഥായിയായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിനും ഊന്നൽ നൽകും.<br>6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന പനങ്ങാട് ഫിഷറീസ് കോളേജിനെ ഇതിന്റെ ന്യൂക്ലിയസ് ആയി വികസിപ്പിക്കുക. |
| സി) സർവ്വകലാശാല സ്ഥാപിക്കുന്നതിന് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | സി) ഏകദേശം 297 കോടി രൂപ സ്ഥിര മൂലധനമായി വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| ഡി) സർവ്വകലാശാല സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിൽനിന്നും അനുകൂലസമീപനം ഉണ്ടായിട്ടുണ്ടോ; | ഡി) ഫിഷറീസ് സർവ്വകലാശാല സംബന്ധിച്ച പഠന റിപ്പോർട്ട് യു.ജി.സി, കേന്ദ്ര ഭൗമ ശാസ്ത്ര മന്ത്രാലയം, ഐ.സി.എ.ആർ എന്നിവയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്ന് ഇതു സംബന്ധിച്ച മറുപടി ലഭ്യമായിട്ടില്ല. |
| ഇ) മത്സ്യമേഖലയിലെ ഗവേഷണപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഇ) കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. |

Girija Kumari

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :196

30-6-2009-ൽ മറുപടിയ്ക്ക്

## മുസരീസ് പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ.വി.ചെന്താമരാക്ഷൻ :
പ്രൊഫ.സി.രവീന്ദ്രനാഥ് :
ശ്രീ.സി.കെ. പി.പത്മനാഭൻ :
ശ്രീ.കെ.ടി.ജലീൽ :
ശ്രീ.സി.എം.ദിനേശ് മണി :

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുസരീസ് പദ്ധതി കൊണ്ട് എന്താണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ ; | (എ) | ബി.സി.1-ാം നൂറ്റാണ്ടിലെ സജീവമായ തുറമുഖമായിരുന്നു ഇന്ന് കൊടുങ്ങല്ലൂർ എന്നറിയപ്പെടുന്ന മുസരീസ്. ഒരു കാലത്ത് രാജ്യാന്തര വ്യാപ്തിയുള്ള വാണിജ്യത്തിന്റെയും സംസ്കാരത്തിന്റെയും സജീവ കേന്ദ്രമായിരുന്ന മുസരീസിന്റെ ഐശ്വര്യപൂർണ്ണമായ കാലഘട്ടത്തെ ഓർമ്മിപ്പിക്കുന്ന നിരവധി ചരിത്രാവശിഷ്ടങ്ങൾ സ്മാരകങ്ങളായി ഇന്ന് ഈ മേഖലയിലുണ്ട്. നാശോന്മുഖ അവസ്ഥയിലായ ഈ സ്മാരകങ്ങൾ നിലവിൽ ടൂറിസ്റ്റുകളെ സംബന്ധിച്ചിടത്തോളം ആകർഷകമല്ലാത്തതിനാൽ അവയെ പരസ്പരം ബന്ധിപ്പിച്ച് പരിപാലിക്കുകയും അതുവഴി ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു ടൂറിസം സർക്യൂട്ട് നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. |
| (ബി) | ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത് എന്ന് വ്യക്തമാക്കുമോ ; | (സി) | എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ മുനിസിപ്പാലിറ്റി, ചേന്ദമംഗലം, ചിറ്റാറ്റുകര, വടക്കേക്കര, പള്ളിപ്പുറം എന്നീ ഗ്രാമ പഞ്ചായ |

| | | | |
|---|---|---|---|
| | | | ത്തുകളും തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി, ഏറിയാട്, മേത്തല എന്നീ ഗ്രാമ പഞ്ചായത്തുകളും ഇതിലുൾപ്പെടുന്നു. |
| (ഡി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി എത്ര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു ; | (ഡി) | 67.75 കോടി രൂപ. |
| (ഇ ) | ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ഇ ) | ഉണ്ട്. 2007 ൽ 7,61,00,000 രൂപയുടെ പദ്ധതി തയ്യാറാക്കി 3,61,75,000 രൂപ കേന്ദ്ര സഹായമായി നേടുകയും രണ്ടാം ഘട്ടമായി 67.75 കോടി രൂപയുടെ പദ്ധതി കേന്ദ്ര സഹായത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 57.75 കോടി രൂപയാണ് കേന്ദ്ര സഹായമായി ആവശ്യപ്പെട്ടിട്ടുള്ളത്. |
| (എഫ്) | ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ കേരള ടൂറിസത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ ? | (എഫ്) | മുസരിസ് മേഖലയുടെ സമഗ്ര വികസനവും നാശോന്മുഖമായ ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണവും വിനോദ സഞ്ചാരികൾക്ക് അവ കണ്ട് ആസ്വദിക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിയുന്നതാണ്. നിലവിൽ തൃശ്ശൂർ, എറണാകുളം ജില്ലകൾ സന്ദർശിക്കുന്ന വിദേശ ടൂറിസ്റ്റുകളിൽ 25 % വും ആഭ്യന്തര ടൂറിസ്റ്റുകളിൽ 10% വും മാത്രമേ മുസരിസ് സന്ദർശിക്കുന്നുള്ളൂ. എന്നാൽ ഈ ചരിത്ര സ്മാരകങ്ങൾ സംരക്ഷിച്ച് ആകർഷണ കേന്ദ്രമാക്കി മാറ്റിയാൽ വിനോദ സഞ്ചാരികളുടെ എണ്ണത്തിലും വരുമാനത്തിലും വൻ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ-197 — 30-06-2009-ൽ മറുപടിയ്ക്ക്

## ബ്ലോക്ക് തല പഞ്ചായത്തുകൾ നിർത്തലാക്കുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ.<br>ശ്രീ. കെ.സി. ജോസഫ്.<br>ശ്രീ. ടി.എൻ. പ്രതാപൻ. | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) | |
| (എ) | ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ബ്ലോക്ക് തല പഞ്ചായത്തുകൾ ഫലപ്രദമാണോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ഡോ: എം.എ. ഉമ്മൻ അദ്ധ്യക്ഷനായുള്ള വിദഗ്ധ സമിതി വികേന്ദ്രീകൃതാസൂത്രണാനുഭവങ്ങൾ പഠനവിധേയമാക്കി വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | അനുഭവത്തിൻെറ വെളിച്ചത്തിൽ കേരളത്തിലെ ബ്ലോക്ക് തല പഞ്ചായത്തുകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇപ്പോൾ ആലോചനയിലില്ല. |
| (സി) | ഇതിനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി കേന്ദ്ര സർക്കാരിനെ സമീപിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 198 — 30.6.2009 ൽ മറുപടിക്ക്

## ഇടുക്കി അണക്കെട്ടുപ്രദേശം മുഖ്യ ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ |
| ശ്രീ. കെ.കെ. ജയചന്ദ്രൻ | (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| ശ്രീ. വി.എൻ. വാസവൻ | |
| ശ്രീ. രാജു എബ്രഹാം | |
| ശ്രീമതി കെ.എസ്. സലീഖ | |

(എ) ഇടുക്കി അണക്കെട്ടു പ്രദേശം മുഖ്യ ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിനായി ആവിഷ്ക്കരിക്കുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(എ) ഇടുക്കി ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ വികസനം എന്ന പേരിലുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ടൂറിസം മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (ആർട്ടി) 3702/09 റ്റി.എസ്.എം. തീയതി 27.5.09 , പ്രകാരം സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

ഗസ്റ്റ് ഹൗസിന് സമീപമുള്ള വികസനം

1. പൂന്തോട്ടം
2. കുട്ടികൾക്കുള്ള കളിസ്ഥലം വികസനം
3. പവലിയനുകൾ
4. ഓപ്പൺ എയർ സ്റ്റേജ്
5. ടോയിലറ്റ് ബ്ലോക്ക്
6. പാർക്കിങ് സൗകര്യം
7. എൻട്രൻസ് പ്ലാസ

ആർച്ച് ഡാമിന് സമീപമുള്ള വികസനം

1. ഫൗണ്ടൻ പ്ലാസ
2. പവലിയനുകൾ
3. ഓപ്പൺ ഡൈനിംഗ് & കഫറ്റേരിയ
4. ടോയിലറ്റ് ബ്ലോക്ക്
5. പാർക്കിങ് സൗകര്യം
6. എൻട്രൻസ് പ്ലാസ

മേൽപറഞ്ഞിരിക്കുന്ന രണ്ടു സ്ഥലങ്ങളിലും പൊതുവായി ചെയ്യുവാൻ ഉദ്ദേശിക്കുന്നത് ഇവയാണ്.

1. നടപ്പാത
2. പൂന്തോട്ട നിർമ്മാണം - മരം വച്ചു പിടിപ്പിക്കൽ
3. ചെടികൾ നട്ടു പിടിപ്പിക്കൽ
4. പുൽത്തകിടി നിർമ്മാണം
5. സുഗന്ധ വ്യഞ്ജന തോട്ടം

| | |
|---|---|
| (ബി) പദ്ധതിക്കായി എത്ര കോടി രൂപയാണ് ചെലവാക്കുന്നത്; | (ബി) 439.01 ലക്ഷം രൂപയാണ് മതിപ്പ് ചെലവ്. |
| (സി) ടൂറിസ്റ്റുകൾക്ക് താമസസൗകര്യത്തിനായി ഇടുക്കിയിൽ ഹോട്ടലുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; | (സി) ഇല്ല. |
| (ഡി) പദ്ധതിമൂലം ഇടുക്കി ജലവൈദ്യുത പദ്ധതി പ്രദേശത്തെ സുരക്ഷയ്ക്ക് ഭീഷണി ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) ഇടുക്കി ജലവൈദ്യുത പദ്ധതി പ്രദേശത്തെ സുരക്ഷക്ക് ഭീഷണി ഉണ്ടാകാത്ത രീതിയിൽ മാത്രമെ പദ്ധതി നടപ്പാക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

30.06.09 - ലെ മറുപടിക്ക്

നക്ഷത്ര ചിഹ്നം ഇട്ട ചോദ്യം

നം 199

## സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>ശ്രീ. എ. എം. യൂസഫ്<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. എം. ഹംസ | ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യ വകുപ്പ് മന്ത്രി |

| | | |
|---|---|---|
| എ. | സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പാ പദ്ധതി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | പൂർത്തിയായിട്ടില്ല, നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി. | ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ഭവന വായ്പ സർക്കാർ വായ്പയാക്കി മാറ്റാൻ സൗകര്യം നൽകുമോ; | പരിഗണനയിലുണ്ട്. |
| സി. | സർക്കാരിന്റെ ഭവന വായ്പ കാലതാമസമില്ലാതെ ലഭ്യമാക്കുന്നതിനായി ആവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | നടപടി സ്വീകരിക്കുന്നതാണ് |

ധനകാര്യ വകുപ്പ് മന്ത്രി അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയുടെ 2009 – 2010 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനമനുസരിച്ച് സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതി പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഫയൽ (17620/L3/09) ധനകാര്യ ബഡ്ജറ്റ് വിഭാഗത്തിന്റെ അഭിപ്രായത്തിനായി അയച്ചതിനെ തുടർന്ന് താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്.

ഭവന നിർമ്മാണ വായ്പ സർക്കാർ നേരിട്ട് നൽകിയിരുന്ന കാലഘട്ടത്തിൽ വായ്പയുടെ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടിയും പരമാവധി സീലിംഗ് 3.75 ലക്ഷം രൂപയുമായിരുന്നത് പുതിയ ശമ്പളസ്കെയിലനുസരിച്ച് വായ്പയുടെ പരമാവധി ഏകദേശം 9.50 ലക്ഷം രൂപയും, അന്നത്തെ 9% പലിശയെന്നത് ഇപ്പോഴത്തെ മാർക്കറ്റ് റേറ്റായ 8% ത്തിന് താഴെ 7.5% / 7.75% ആക്കുന്നതിനും, പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിന് ഡിമാന്റ് ഫോർ ഗ്രാന്റിന്റെ ആദ്യ ബാച്ചിൽ ഏകദേശം 50 കോടി രൂപ വകയിരുത്തേണ്ടിവരുമെന്നും 'New House Construction Advance for Government Employees in association with Banks' എന്ന നിലവിലുള്ള പദ്ധതി പ്രകാരം എടുത്തിട്ടുള്ള ഭവന വായ്പ സർക്കാർ തലത്തിൽ ഏറ്റെടുക്കുന്നതിനെക്കുറിച്ച് പിന്നീട് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കാമെന്നും അറിയിച്ചിട്ടുണ്ട്. ഈ സ്കീം നടപ്പിലാക്കുന്നതിന് ഒരു ടോക്കൺ പ്രൊവിഷനും ശീർഷകവും അറിയിക്കുന്നതിനായി ഫയൽ വീണ്ടും ധനകാര്യ ബഡ്ജറ്റ് വിഭാഗത്തിന് നൽകിയിട്ടുണ്ട്.

30.06.09 ന് നക്ഷത്ര ചിഹ്നമിട്ട 199-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകുന്നതുമായി ബന്ധപ്പെട്ടാണ് മേൽ വിശദീകരണം.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200

30.06.2009-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ജയരാജൻ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>പ്രൊഫ: സി.രവീന്ദ്രനാഥ്<br>ശ്രീ. സാജുപോൾ | ഡോ. ടി.എം. തോമസ് ഐസക്ക്<br>ബഹു. ധനകാര്യ വകുപ്പുമന്ത്രി |

### സാമ്പത്തിക ഉത്തേജന പാക്കേജ്

(എ) സാമ്പത്തിക മാന്ദ്യത്തിന്റെ പ്രത്യാഘാതം നേരിടുന്നതിന് പ്രഖ്യാപിച്ച സാമ്പത്തിക ഉത്തേജക പാക്കേജിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

സാമ്പത്തിക ഉത്തേജക പാക്കേജിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ക്ഷേമ പദ്ധതികൾ:-

(1) ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള എല്ലാം കുടുംബങ്ങൾക്കും, പട്ടികവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ആശ്രയസ്കീമിലെ കുടുംബങ്ങൾ എന്നിവർക്കും രണ്ടു രൂപയ്ക്ക് റേഷൻ ലഭ്യമാക്കുക.

(2) സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ദാരിദ്ര്യ രേഖയ്ക്കു കീഴിലുള്ള എല്ലാ കുടുംബങ്ങളിലെയും 65 വയസ് കഴിഞ്ഞവർക്ക് വാർദ്ധക്യകാല അലവൻസ് അനുവദിക്കുക.

(3) വിവിധ ക്ഷേമപെൻഷനുകൾ 200 രൂപയിൽ നിന്നും 250 രൂപയായി വർദ്ധിപ്പിക്കുക.

(4) 1996-നു മുൻപ് അനുവദിച്ച ദുർബല വിഭാഗങ്ങൾക്കുള്ള ഭവനവായ്പയിൽ കുടിശ്ശിക വരുത്തിയവ എഴുതിത്തള്ളുക.

(5) സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വായ്പയെടുത്ത പട്ടികജാതി പട്ടിക വർഗ്ഗക്കാർ,

പരിവർത്തിത ക്രൈസ്തവർ എന്നിവരുടെ പലിശയും പിഴപ്പലിശയും 25000 രൂപവരെയുള്ള മുതലും എഴുതിത്തള്ളുക.

പശ്ചാത്തലവികസനത്തിനുള്ള പൊതു മൂലധന നിക്ഷേപം:-

(1) ജലനിധി രണ്ടാം ഘട്ടം, സുസ്ഥിര നഗര വികസന പദ്ധതിയിലെ കുടിവെള്ള സ്കീമുകൾ, ജൈൻറം കുടിവെള്ള സ്കീമുകൾ തുടങ്ങിയ പദ്ധതികൾക്ക് 2000 കോടി രൂപ.

(2) വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്ക് 274 കോടി രൂപ

(3) കെ.എസ്.ടി.പി. യുടെ രണ്ടാം ഘട്ട പദ്ധതിയ്ക്ക് 2100 കോടി രൂപ

(4) തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിനും മലയോര പാതകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ക്കുമായി 2000 കോടിയോളം രൂപയുടെ പദ്ധതികൾ. ഇതു കൂടാതെ പാലങ്ങളുടെയും ബൈപ്പാസുകളുടെയും നിർമ്മാണപ്രവർത്തന ങ്ങൾക്ക് 275 കോടി രൂപയുടെ പദ്ധതി.

(5) 2000 കോടി രൂപയുടെ ഇ.എം.എസ്. പാർപ്പിട പദ്ധതി

(6) പൊതുമേഖലയുടെ വിപുലീകരണത്തിന് 883 കോടി രൂപയുടെ പദ്ധതി

(7) ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ സംരക്ഷണത്തിന് 500 കോടി രൂപയുടെ കെ.എഫ്.സി. വായ്പ പാക്കേജ്.

(8) ടൂറിസം മേഖലയുടെ പശ്ചാത്തല വികസന ത്തിന് 523 കോടി രൂപയുടെ സർക്കാർ സഹായം

(9) ഐ.ടി. മേഖലയിലെ പശ്ചാത്തല വികസനത്തിന് 385 കോടി രൂപയുടെ പദ്ധതി

| | | |
|---|---|---|
| (ബി) | ഓരോ പാക്കേജും നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ഏതൊക്കെ സ്രോതസ്സുകളിലൂടെ കണ്ടെത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | സംസ്ഥാന സർക്കാരിന്റെയും, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായം, ഐ.ടി. ടൂറിസം, പ്രോത്സാഹന ഏജൻസികൾ, കെ.എഫ്.സി., റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ എന്നിവയുടെയും നേരിട്ടുള്ള മുതൽമുടക്ക്, സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പ, കേന്ദ്ര പൊതുമേഖലാ നിക്ഷേപം, കെ.എസ്.ഐ.ഡി.സി., കിൻഫ്ര, ഐ.ടി ഇൻഫ്രാസ്ട്രക്ചർ കമ്പനി എന്നിവയുമായി ബന്ധപ്പെട്ട് സ്വരൂപിക്കുന്ന സ്വകാര്യ നിക്ഷേപം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പൊതുകടമെടുപ്പിലൂടെയും പൊതുകണക്കിലെ മിച്ചനിക്ഷേപങ്ങൾ വിനിയോഗിച്ചും ഇതിനാവശ്യമായ തുക കണ്ടെത്താനാകും. |
| (സി) | ഇതിനായി നാളിതുവരെ കൈക്കൊണ്ടനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | സാമൂഹ്യ സുരക്ഷിതത്വ നടപടികളുടെ ഭാഗമായി ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ദാരിദ്ര്യ രേഖയ്ക്കു മുകളിലുള്ള പട്ടിക വിഭാഗങ്ങൾ, മത്സ്യതൊഴിലാളികൾ, ആശ്രിതസ്കീം കുടുംബങ്ങൾ എന്നിവർക്കും രണ്ടു രൂപയ്ക്കു റേഷനരി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. മാവേലി സ്റ്റോറുകൾ വഴി 14 രൂപയ്ക്ക് യഥേഷ്ടം അരി വിതരണം ചെയ്യുന്നു. ഭക്ഷ്യ സബ്സിഡിയായി മാത്രം 250 കോടി രൂപ വകയിരുത്തി യിട്ടുണ്ട്. വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ തുക 200 രൂപയിൽ നിന്നും 250 രൂപയായി വർദ്ധിപ്പിച്ചു. ദുർബല വിഭാഗങ്ങളുടെ ഭവന വായ്പ കുടിശ്ശിക എഴുതി തള്ളുന്നതിനുള്ള നടപടി സ്വീകരിച്ചു. മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പിലാക്കുന്നതാനായി ഇതിനകം തന്നെ പൊതു വിപണിയിൽ നിന്നും 800 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്. കൂടാതെ 600 കോടി രൂപ യുടെ വായ്പയും കൂടി ഉടൻ എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. മാന്ദ്യ വിരുദ്ധ പാക്കേജിന് മൂലധനം കണ്ടെത്തുന്നതിന്റെ ഭാഗമായി, |

| | | |
|---|---|---|
| | | മൊത്തം ആഭ്യന്തര വരുമാനത്തിന്റെ 4%-ത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള അനുമതി സംസ്ഥാന സർക്കാരിന് നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇതിലേക്ക് കേന്ദ്ര സർക്കാരിനോട് ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുക ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | കേന്ദ്ര നികുതി വിഹിതത്തിൽ ഉണ്ടാകുന്ന കുറവ് നികത്തുന്നതിന് 850 കോടി രൂപയുടെ പാക്കേജ് അനുവദിക്കണമെന്നും കേന്ദ്ര പാക്കേജിൽ നിന്നും സംസ്ഥാന ധനകാര്യ കോർപ്പറേഷനുകൾക്കുള്ള വിഹിതം വർദ്ധിപ്പിക്കണമെന്നും ഇ.എം.എസ്. പാർപ്പിട പദ്ധതിയെ എൻ.ആർ.ഇ.ജി. പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മാന്ദ്യ വിരുദ്ധ പാക്കേജിന് മൂലധനം കണ്ടെത്തുന്നതിന്റെ ഭാഗമായി, മൊത്തം ആഭ്യന്തര വരുമാനത്തിന്റെ 4%-ത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള അനുമതി സംസ്ഥാന സർക്കാരിന് നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ക്രൂഡ് പാമോലിന്റെയും പാമോയിലിന്റെയും നികുതിഘടന പുന പരിശോധിക്കുന്നതിനും സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾക്ക് സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 0.5 ശതമാനം അധികവായ്പ യെടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് അനുമതി ലഭിച്ചു കഴിഞ്ഞു. |

| | | |
|---|---|---|
| (ഇ) | കേന്ദ്രസർക്കാരിന്റെ ഉത്തേജക പാക്കേജ് സംസ്ഥാനത്തിന്റെ പാക്കേജ് നടപ്പാക്കുന്നതിന് ഉപകാരപ്രദമാണോ എന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾകൂടി കണക്കിലെടുത്താണ് സംസ്ഥാന സർക്കാർ സാമ്പത്തിക ഉത്തേജക പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളിൽ സംസ്ഥാന താല്പര്യങ്ങളെ പൂർണ്ണമായും അവഗണിച്ചിരിക്കുന്നതുകൊണ്ട് , സംസ്ഥാനത്തിന്റെ പാക്കേജ് നടപ്പിലാക്കുന്നതിന് ഇതുമൂലം വളരെ പരിമിതമായ പ്രയോജനം മാത്രമേ ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.201 30.06.2009 ൽ മറുപടിക്ക്**

### സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ യോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. എ.പി. അനിൽകുമാർ | ഡോ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യവകുപ്പുമന്ത്രി |

| | |
|---|---|
| എ. കൃഷി, അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ സൃഷ്ടിക്കൽ എന്നിവക്ക് ഊന്നൽ നൽകുന്ന നിലപാടുകൾ സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിക്കണമെന്ന് സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ 2009 ജൂണിൽ ചേർന്ന യോഗത്തിൽ കേന്ദ്ര ധനകാര്യമന്ത്രി ആവശ്യപ്പെട്ടുവോ; | അഭിപ്രായപ്പെട്ടിട്ടുണ്ട്. |
| ബി. ഈ ലക്ഷ്യത്തോടുകൂടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | കൃഷി, അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ സൃഷ്ടിക്കൽ എന്നിവയ്ക്ക് സംസ്ഥാന സർക്കാരിന്റെ 2009-10 ലെ ബഡ്ജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ട്. 2009-10 സാമ്പത്തികവർഷം, പദ്ധതിയിലും പദ്ധതിക്കു പുറത്തുമായി 5000 കോടി രൂപയുടെ കുടിവെള്ള-ജലസേചന-മരാമത്തു പണികൾക്ക് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. KSTP, ജലനിധി എന്നിവയുടെ രണ്ടാം ഘട്ട പദ്ധതികൾ നടപ്പിലാക്കുക, തീരദേശ ഹൈവേ, മലയോര പാതകൾ എന്നിവയുടെ നിർമ്മാണത്തിനും പൂർത്തീകരണത്തിനുമുള്ള നടപടികൾ സ്വീകരിക്കുക, പാലങ്ങൾ, ബൈപാസുകൾ എന്നിവയുടെ നിർമ്മാണത്തിന് അനുമതി നൽകുക, ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുക, പൊതുമേഖലയുടെ വിപുലീകരണം സാധ്യമാക്കുക, ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ സംരക്ഷണത്തിന് കെ.എഫ്.സി വായ്പാ പാക്കേജ് ആരംഭിക്കുക, ടൂറിസം, |

| | |
|---|---|
| | ഐ.ടി മേഖലകൾക്കായി പശ്ചാത്തല സൗകര്യ വികസനം ഒരുക്കുക എന്നിവയാണ് അവയിൽ പ്രമുഖമായവ. |
| സി. സംസ്ഥാന സർക്കാരുകൾ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾക്ക് 2009 ജൂലായിൽ കേന്ദ്രത്തിൽ അവതിപ്പിക്കുന്ന ബജറ്റിൽ സ്ഥാനം നൽകുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രി പ്രസ്തുത യോഗത്തിൽ അറിയിച്ചുവോ; | 2009-10 ലെ കേന്ദ്ര ബഡ്ജറ്റിന്റെ രൂപീകരണത്തിന് സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വളരെയധികം സഹായിക്കുമെന്ന് കേന്ദ്ര ധനകാര്യമന്ത്രി അഭിപ്രായപ്പെട്ടിട്ടുണ്ട്. |
| ഡി. അതനുസരിച്ച് സംസ്ഥാന സർക്കാർ എന്തെല്ലാം കാര്യങ്ങൾക്കുള്ള പദ്ധതി കേന്ദ്ര ധനകാര്യ മന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളത്? | എ.പി.എൽ കുടുംബങ്ങൾക്കുള്ള അരിവിഹിതം പുന:സ്ഥാപിക്കുക, ആഗോള സാമ്പത്തിക പ്രതിസന്ധിമൂലം ഗൾഫിൽനിന്നും തൊഴിൽ നഷ്ട പ്പെട്ട് തിരികെ വരുന്ന തൊഴിലാളികളുടെ പുനരധിവാസത്തിനായി ഒരു പ്രത്യേക പാക്കേജ് അനുവദിക്കുക. ആഗോള സാമ്പത്തിക പ്രതിസന്ധി മറികടക്കു ന്നതിനായി പ്രഖ്യാപിച്ച ഉത്തേജന പാക്കേജിൽ സംസ്ഥാന ധനകാര്യ കോർപറേഷനു കൾക്കുള്ള വിഹിതം വർദ്ധിപ്പിക്കുക, ബി.പി.എൽ കുടുംബങ്ങൾക്ക് താമസിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുമായി സഹകരിച്ച് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇ.എം.എസ് ഭവന പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി നൽകുക, ഈ പദ്ധതി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ അനുവദിക്കാവുന്ന ഇനമായി ഉൾപ്പെടുത്തുക, പൊതു ആസ്തികളുടെ നിർമ്മാണം, പരിപാലനം, ദീർഘകാല വിളകളുടെ റി പ്ലാന്റേഷൻ എന്നിവയും NREGA യുടെ പരിധിയിൽ കൊണ്ടു വരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നാളികേരത്തിന്റേയും വെളിച്ചെണ്ണയുടെയും വിലത്തകർച്ച പരിഹരിക്കാൻ അസംസ്കൃത പാമോലിന്റേയും പാമോയിലിന്റേയും ഇറക്കുമതി ചുങ്കത്തിന്റെ ഘടന പുന:പരിശോധിക്കുക, കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള സംസ്ഥാനത്തു പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക, |

| | |
|---|---|
| | ചരക്കു സേവന നികുതി സമ്പ്രദായത്തിൽ നഷ്ടപരിഹാരം നിർണയിക്കുന്ന —തിനായി സുതാര്യമായ മാനദണ്ഡങ്ങൾ പ്രകാരം പ്രവർത്തിയുടെ ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനം സൃഷ്ടിക്കണമെന്നും സംസ്ഥാന നികുതി പിരിവിൽ ഉണ്ടാകുന്ന നഷ്ടം മാത്രമല്ല കേന്ദ്ര നികുതി വിഹിതത്തിൽ ഉണ്ടാകാനിടയുള്ള കുറവുംകൂടി നികത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന് അർഹതപ്പെട്ട വാറ്റ് കൊമ്പൻസേഷൻ കുടിശ്ശിക നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വായ്പാ പരിധി ഒരു ശതമാനംകണ്ട് ഉയർത്തണമെന്നും കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ പുതുക്കിയ കണക്കുകൾ പ്രകാരമുള്ള സംസ്ഥാന വരുമാനം അടിസ്ഥാനപ്പെടുത്തി കേരളത്തിന്റെ വായ്പാ പരിധി പുനർനിർണയിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇടക്കാല കേന്ദ്ര ബഡ്ജറ്റിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കേന്ദ്ര നികുതിവിഹിതത്തിൽ 850 കോടി രൂപയുടെ നഷ്ടം ഉണ്ടാകും. ഇത് ഒരു പ്രത്യേക പാക്കേജായി സംസ്ഥാനത്തിന് അനുവദിക്കണം. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.202 30-6-2009 ന് മറുപടിക്ക്

**ദരിദ്രർക്കായുള്ള പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.ബി.രാഘവൻ | | ശ്രീ.പാലോളി മുഹമ്മദ്കുട്ടി.<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| എ) | മറ്റു ക്ഷേമ പെൻഷനുകൾ ഒന്നും ലഭിക്കാത്ത 65 വയസ്സുകഴിഞ്ഞ ദരിദ്രർക്കായി ആവിഷ്ക്കരിച്ച പെൻഷൻ പദ്ധതിക്ക് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) | മറ്റു ക്ഷേമപെൻഷനുകൾ ഒന്നും ലഭിക്കാത്ത 65 വയസ്സുകഴിഞ്ഞ ദരിദ്രർക്ക് പ്രതിമാസം 100 രൂപ പെൻഷൻ നൽകാൻ ഉതകുന്ന ഒരു സ്കീം ആവിഷ്ക്കരിച്ച് നടപ്പാക്കുമെന്ന് 2009-10 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ വിഭാവന ചെയ്തിരുന്നു. ഈ വിഭാഗത്തിൽപ്പെട്ടവരെ കണ്ടെത്തുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത തലത്തിൽ വിവിധ ക്ഷേമ പെൻഷനുകൾ നിലവിൽ വാങ്ങി വരുന്നവരുടെ സമഗ്രവും ഏകീകൃതവുമായ ലിസ്റ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ നടന്നുവരുന്നു. |
| ബി) | നിലവിൽ ക്ഷേമപെൻഷനുകൾ ലഭിക്കന്നവരുടെ ലിസ്റ്റ് തയ്യാറാക്കി ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രമേ ഈ | ബി) | നിലവിൽ ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവരുടെ സമഗ്ര ലിസ്റ്റ് തയ്യാറാക്കി ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്ന മുറയ്ക്കാണ് മറ്റ് ക്ഷേമ പെൻഷനുകൾ ഒന്നും ലഭിക്കാത്ത 65 വയസ്സ് |

......... 2/

| | | | |
|---|---|---|---|
| | പദ്ധതി നടപ്പാക്കുകയുള്ളൂ എന്നതിനാൽ ഈ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | | കഴിഞ്ഞ ദരിദ്രർക്ക് പ്രതിമാസം 300 രൂപ പെൻഷൻ നൽകാൻ ഉതകുന്ന ഒരു സ്കീം ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ ക്ഷേമ പെൻഷനുകൾക്ക് അർഹരായവരുടെ സമഗ്രവും ഏകീകൃതവുമായ ഒരു ലിസ്റ്റ് ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും അതിൽ പെടുന്നവർക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു. |
| സി) | ഇതിനായി ഏർപ്പെടുത്തുന്ന സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ? | സി) | ബയോമെട്രിക് ഐഡന്റിറ്റി കാർഡ് തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ അന്തിമ ഘട്ടത്തിലാണ് |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

**പന്ത്രണ്ടാം നിയമസഭ**

പതിനൊന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 203*

30.06.2009 ൽ മറുപടിയ്ക്ക്

**<u>ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ശക്തിപ്പെടുത്താൻ നടപടി</u>**

ചോദ്യം | ഉത്തരം

ശ്രീ.കെ.കെ.ദിവാകരൻ
ശ്രീ.എം.ചന്ദ്രൻ
ശ്രീ.കെ.വി.കുഞ്ഞിരാമൻ
ശ്രീ.വി.ശിവൻകുട്ടി
ശ്രീ.സി.എച്ച്.കുഞ്ഞമ്പു

ബഹു. ധനകാര്യ വകുപ്പുമന്ത്രി
ഡോ.തോമസ് ഐസക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 203*

| ചോദ്യം | ഉത്തരം |
|---|---|
| എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ശാക്തീകരിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ഓഡിറ്റർമാരുടെ മൂന്നുമാസത്തെ നിർബന്ധിത പരിശീലനം വകുപ്പിൽ പുനരാരംഭിക്കുകയും ഗസ്റ്റ് ലക്ചർമാരെ നിയോഗിക്കുന്നതുൾപ്പെടെയുള്ള ആകസ്മിക ചെലവുകൾക്കുള്ള മതിയായ ഫണ്ട് അനുവദിക്കുകയും ചെയ്തു.<br>വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടികൾ കൈക്കൊണ്ടു. ഇതിനുവേണ്ട സോഫ്റ്റ്വെയർ തയ്യാറാക്കാനുള്ള ചുമതല IHRD യെ ഏൽപ്പിച്ചു. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി. നടപ്പുവർഷം (2009-10) ഈ ഇനത്തിൽ 20 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>കോഴിക്കോട് വികസന അതോറിറ്റി ഓഡിറ്റ് നിർത്തലാക്കിയതിനെത്തുടർന്ന് വകുപ്പിൽ അധികമായി വന്ന 3 തസ്തികകൾ കോഴിക്കോട് കോർപ്പറേഷന്റെയും വടകര നഗരസഭയുടേയും നിലവിലുള്ള ഓഡിറ്റ് ഓഫീസിൽ വിന്യസിച്ചു. |
| ബി) പുതുതായി ഏതൊക്കെ സ്ഥാപനങ്ങളുടെ ആഡിറ്റ് ജോലി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ ഏൽപ്പിച്ചു; | പുതുതായി ഒരു സ്ഥാപനത്തിന്റെയും ആഡിറ്റ് ജോലി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ ഏൽപ്പിച്ചിട്ടില്ല. |

| | |
|---|---|
| സി) ആഡിറ്റർമാരുടെ പരിശീലന പരിപാടികൾ കാലോചിതമായി പരിഷ്ക്കരിച്ച് വിവരസാങ്കേതിക വിദ്യയുടേയും മറ്റും പ്രയോജനം ലഭ്യമാക്കി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി അനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ (IMG) ആഭിമുഖ്യത്തിൽ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി.<br>വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം ഏറ്റെടുത്തിട്ടുള്ള സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ കമ്പ്യൂട്ടർപരിജ്ഞാനം നേടുന്നതിനുള്ള പരിശീലനങ്ങൾ എല്ലാ ഓഫീസിലും ഉടൻ ആരംഭിക്കുന്നതാണ്. |

Biju

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.204 — 30-6-2009-ന് മറുപടിക്ക്

## ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.പാലോളി മുഹമ്മദ്കുട്ടി, (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| എ) | ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ മിഷൻ (ജെ.എൻ.എൻ.യു.ആർ.എം) സഹായത്തോടെ സംസ്ഥാനത്ത് ഇപ്പോൾ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടക്കുന്നത് എന്ന് വിശദമാക്കുമോ; | എ) | തിരുവനന്തപുരം നഗരസഭയ്ക്കു വേണ്ടി 543.13 കോടി രൂപയുടെയും കൊച്ചി നഗരസഭയ്ക്കായി 600.31 കോടി രൂപയുടെയും പദ്ധതികളാണ് ജവഹർലാൽ നെഹ്റു ദേശീയ നഗരനവീകരണ മിഷൻ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. |
| ബി) | ഈ മിഷന്റെ സഹായത്തോടെ ഏതെല്ലാം നഗരസഭകളിൽ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് എത്ര വീതം ബസ്സുകൾ വാങ്ങുന്നതിനാണ് തീരുമാനിച്ചത് എന്ന് അറിയിക്കുമോ; | ബി) | ജവഹർലാൽ നെഹ്റു ദേശീയ നഗരനവീകരണ മിഷൻ സഹായത്തോടെ തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടി 150 ബസുകളും കൊച്ചി നഗരസഭയ്ക്കുവേണ്ടി 200 ബസുകളുമാണ് വാങ്ങുവാൻ ഉദ്ദേശിക്കുന്നത്. |
| സി) | ഇതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളും കോർപ്പറേഷനും എത്ര രൂപ ചെലവാക്കുമെന്ന് വ്യക്തമാക്കുമോ; | സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം നഗരസഭയ്ക്കു വേണ്ടി കേന്ദ്ര സർക്കാർ 43.20 കോടി രൂപയും സംസ്ഥാന സർക്കാർ 5.40 കോടി രൂപയും, കെ.എസ്.ആർ.ടി.സി. 5.40 കോടി രൂപയുമാണ് ചെലവഴിക്കുന്നത്. |

..............2/-

| | | | |
|---|---|---|---|
| | | | കൊച്ചി നഗരസഭയ്ക്കുവേണ്ടി കേന്ദ്ര സർക്കാർ 35.50 കോടി രൂപയും, സംസ്ഥാന സർക്കാർ 14.20 കോടി രൂപയും, കെ.എസ്.ആർ.ടി.സി. 21.30 കോടി രൂപയുമാണ് ചെലവഴിക്കുന്നത്. |
| ഡി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് നഗരത്തിലെ പൊതുഗതാഗത രംഗം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ? | ഡി) | കോഴിക്കോട് നഗരസഭ ജെ.എൻ.എൻ.യു.ആർ.എം. മിഷനിലുൾപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 205** 30.06.2009 ലെ മറുപടിക്ക്

## വാണിജ്യ നികുതി ഒടുക്കുന്നതിന് ഇ-പേയ്മെന്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.അൽഫോൺസ് കണ്ണന്താനം | ഡോ.റ്റി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) വാണിജ്യ നികുതി ഒടുക്കുന്നതിന് 'ഇ-പേയ്മെന്റ്' സമ്പ്രദായം എന്നു മുതൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; | (എ) ഇ-പേയ്മെന്റ് സംവിധാനം 2009 സെപ്തംബർ 1 മുതൽ തുടങ്ങാൻ ഉദ്ദേശിക്കുന്നു |
| (ബി) ഇതിലൂടെ വ്യാപാരിക്കും സർക്കാരിനും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (ബി) വ്യാപാരികൾക്ക് നികുതി ഒടുക്കിയ രേഖയുമായി ഓഫീസിൽ ഹാജരാകേണ്ട ആവശ്യം ഇല്ലാതാകുന്നു. നികുതി ഒടുക്കൽ രേഖകൾ കൈപ്പറ്റുന്നതും, അവ ബാങ്കുകൾക്ക് അയച്ച് കൊടുത്ത് പണമാക്കി അക്കൗണ്ടിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട ജോലി ഒഴിവാക്കാനാകുന്നു. നികുതി ഒടുക്കൽ തൽസമയം തന്നെ സർക്കാർ കണക്കിൽ വരവ് വരുന്നു. അതാത് ഓഫീസർക്ക് യഥാസമയം അറിയുവാനും സാധിക്കുന്നു. കൂടാതെ ചെലാൻ വരവു വെക്കാത്തതുമൂലം വ്യാപാരിക്ക് താൻ അടച്ച നികുതിയുടെ ക്രെഡിറ്റ് ലഭ്യമാകാത്ത അവസ്ഥ മാറുന്നതാണ്. |
| (സി) ഏതെല്ലാം ബാങ്കുകളുടെ സേവനമാണ് ഇതിനായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) എസ്.ബി.ഐ, എസ്.ബി.റ്റി എന്നിവരുടെ സേവനമാണ് ഇപ്പോൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) ബാങ്കുകൾ നൽകുന്ന സേവനത്തിന് വ്യാപാരി, സേവന നികുതി നൽകേണ്ടിവരുമോ; | (ഡി) സേവന നികുതി നൽകേണ്ടതില്ല. |
| (ഇ) ഇ-പേയ്മെന്റ് നടത്തുന്നതിന് വ്യാപാരി ബാങ്കിൽ അക്കൗണ്ട് തുറക്കേണ്ടതുണ്ടോ എന്ന് അറിയിക്കുമോ? | (ഇ) വ്യാപാരി ഇതിനായി ഒരു ശൂന്യ ബാലൻസ് അക്കൗണ്ട് തുറക്കേണ്ടതുണ്ട്. അതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുള്ളതായി ബാങ്കുകൾ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :206

30-6-2009-ൽ മറുപടിയ്ക്ക്

## ഫിഷിംഗ് ടൂറിസത്തിന്റെ സാദ്ധ്യതകൾ

ചോദ്യം

ശ്രീ.സി.കെ.സദാശിവൻ :
ശ്രീ.വി.എൻ.വാസവൻ :
ശ്രീ.എ.എം.ആരിഫ് :
ശ്രീ.ആർ.സെൽവരാജ് :
ശ്രീ.സി.എം.ദിനേശ് മണി :

(എ) സംസ്ഥാനത്ത് ഫിഷിംഗ് ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

ഉത്തരം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി)

(എ) ഉണ്ട്. ഞാറയ്ക്കൽ മാലിപ്പുറം ഫാമുകളിൽ രണ്ട് പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പ് മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. കോട്ടയം ജില്ലയിലെ വൈക്കത്ത് മത്സ്യഫെഡിന്റെ ഉടമസ്ഥതയിലുള്ള പാലായ്ക്കരി ഫാമിൽ ഫിഷറീസ് ടൂറിസം പദ്ധതി നടപ്പാക്കാനായി മത്സ്യഫെഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ടൂറിസം വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് എക്കോ ടൂറിസം ഡയറക്ടർ പരിശോധിക്കുകയും പ്രദ്ധതി നടപ്പാക്കാവുന്നതാണ് എന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി വിശദമായി ചർച്ച നടത്തി തീരുമാനിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | ടൂറിസ്റ്റുകൾക്ക് കടലിലും കായലിലും ഫിഷിംഗിന് സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | | |
| (സി) | മത്സ്യബന്ധനത്തിനായി പ്രത്യേക സൗകര്യങ്ങളുള്ള ബോട്ടുകൾ നിർമ്മിക്കുമോ ; ഇതിനായി എത്ര ലക്ഷം രൂപ ചെലവാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; | (ബി), (സി) & (ഡി) | പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഇക്കാര്യങ്ങളും പരിശോധിച്ചു വരുന്നു. |
| (ഡി) | പദ്ധതി എന്നു മുതൽ നടപ്പാക്കാൻ കഴിയും എന്ന് അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 207

30.6.2009-ൽ മറുപടിയ്ക്ക്

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. വി.ഡി. സതീശൻ: | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| എ. | ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിൽ കേരളം എന്തെങ്കിലും വീഴ്ച വരുത്തിയോ; എങ്കിൽ വിശദാംശം നൽകുമോ ? | എ. | വീഴ്ച വരുത്തിയിട്ടില്ല. |
| ബി. | തൊഴിലാളികളുടെ നിയമപരമായ അവകാശം സംരക്ഷിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ; | ബി. | ചില സ്ഥലങ്ങളിൽ വേതനം വിതരണം ചെയ്യുന്നതിന് കാലതാമസം വന്നിട്ടുണ്ട്. |
| സി. | പട്ടികജാതി-പട്ടികവർഗ്ഗക്കാരുടേയും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടേയും ഭൂവികസന പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യത്തിൽ സംസ്ഥാനം വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്; വിശദീകരിക്കുമോ ? | സി. | 2008-09 സാമ്പത്തിക വർഷത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തനത്തിനും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കുമായി 328.63 ലക്ഷം രൂപ ചെലവഴിച്ചു. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ പ്രത്യേക കണക്ക് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 208– 30.06.2009 ൽ മറുപടിക്ക്

എ.റ്റി.എം. സംവിധാനത്തിലൂടെ ശമ്പള വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ബഹു: ശ്രീ. തോമസ് ഉണ്ണിയാടൻ<br>ബഹു: പ്രൊഫ. എൻ.ജയരാജ് | ബഹു: ധനകാര്യ വകുപ്പ് മന്ത്രി |
| എ) സംസ്ഥാനസർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും എ.ടി.എം മുഖേന ശമ്പളവും പെൻഷനും നൽകുവാനുള്ള പദ്ധതി ഏതു ഘട്ടത്തിലാണ്? വിശദാംശങ്ങൾ വ്യക്തമാക്കാമോ? | സംസ്ഥാന ട്രഷറി വകുപ്പിൽ നടന്ന സോഷ്യൽ ഓഡിറ്റിലെ ജൂറി ചെയർമാൻമാരുടെ ശുപാർശകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരിനം, ട്രഷറികളിൽ നിന്നും വിതരണം ചെയ്യുന്ന ശമ്പളം, പെൻഷൻ മുതലായവ എ.ടി.എം. വഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നതായിരുന്നു. 14–05–2009–ൽ തൃശൂരിൽ ചേർന്ന ജൂറി ചെയർമാൻമാരുടെ യോഗം ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തിര നടപടികൾക്കായി ശുപാർശ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, അക്കൗണ്ടന്റ് ജനറൽ, ധനകാര്യ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, ഐ.ടി. മിഷൻ, സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവരുടെ പ്രതിനിധികളുടെ യോഗം ചേരുകയുണ്ടായി. ഈ യോഗ തീരുമാന പ്രകാരം സർക്കാർ ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഇപ്പോഴത്തെ നിശ്ചയ പ്രകാരം 2010 ഏപ്രിൽ മാസത്തിൽ ഈ പദ്ധതി നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.209. 30.06.2009-ൽ മറുപടിക്ക്.

## പച്ചക്കറികൃഷി വ്യാപിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ചന്ദ്രൻ<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.സി.കെ.പി.പത്മനാഭൻ | ശ്രീ.പാലൊളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിനും പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുമായി തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ വിശദാംശം നൽകുമോ; | (എ) തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനും പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ത്രിതലപഞ്ചായത്തുകൾ കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.കൃഷിയോഗ്യമാക്കാൻ കഴിയുന്ന എല്ലാ തരിശു നിലങ്ങളും 2008-09, 2009-10 വർഷങ്ങളിലായി നെൽപ്പാടങ്ങളാക്കി മാറ്റുകയെന്നതാണ് ലക്ഷ്യം. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 16.06.2008-ലെ38651/ഡിഎ1/2008/തസ്വഭവ നമ്പർ സർക്കുലർ മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്.<br>കൃഷിയിറക്കുന്ന കർഷകർക്കും കുടുംബശ്രീ യൂണിറ്റുകൾക്കും സഹായം ലഭ്യമാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ ഉത്പാദനോപാധികളുടെ/സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കി വാർഷിക |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ആ പാക്കേജിൽ ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.<br>(1) വിത്ത്, വളം, കീടനാശിനികൾ മുതലായ ഉത്പാദനോപാധികൾ<br>(2)പമ്പ്സെറ്റുകൾ, സ്പ്രെയറുകൾ, തുടങ്ങിയകാർഷികോപകരണങ്ങൾ<br>(3) ട്രാക്ടറുകൾ, ടില്ലറുകൾ, കൊയ്ത്ത് മെതിയന്ത്രങ്ങൾ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ<br>(4)കർഷകഗ്രൂപ്പുകൾക്ക്/പാടശേഖരസമിതികൾക്ക്/കർഷകതൊഴിലാളി ഗ്രൂപ്പുകൾക്ക്/കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്.<br>(5)തൊഴിലാളികൾക്ക് യന്ത്രങ്ങൾ ഉപയോഗിക്കാനും കേടുപാടുകൾ തീർക്കാനുമുള്ള പരിശീലനം.<br>(6)വിള ഇൻഷ്വറൻസ് ഉൾപ്പെടെ നെൽകൃഷി ചെലവിന് ധനസഹായം.<br>(7)ആവശ്യമുള്ളിടത്ത് നെല്ല് സംഭരിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ. |
| (ബി) | മാർഗ്ഗരേഖയുടെഅടിസ്ഥാനത്തിൽ ത്രിതലപഞ്ചായത്തുകൾകർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | 2008-09 - ൽ എത്ര ഏക്കർ ഭൂമിയിൽ പുതുതായി കൃഷിചെയ്യു എന്ന് വെളിപ്പെടുത്തുമോ; | | 2008-09 - ൽ കുടുംബശ്രീ മുഖേന ലീസ് ലാൻറ് ഫാമിംഗ്,സമഗ്ര എന്നീ പരിപാടികളിലൂടെ 68171.327 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുകയുണ്ടായി. |

(ഡി) കൂടുതൽ സ്ഥലത്ത് കൃഷിയിറക്കുന്നതിനായി കുളങ്ങൾ,തോടുകൾ,നീർച്ചാലുകൾ, കനാലുകൾ എന്നിവയുടെ നിർമ്മാണം, ആഴം കൂട്ടൽ എന്നിവ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

ജലസംരക്ഷണത്തിനായി കുളങ്ങൾ, ചെക്ക്ഡാമുകൾ, കിണറുകൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയുടെ കാർഷികാവശ്യത്തിനുവേണ്ടി നിർമ്മിക്കുന്നുണ്ട്. കൂടാതെ പരമ്പരാഗത ജലസ്രോതസ്സുകളിലെയും തോടുകളിലേയും ചെളി നീക്കം ചെയ്ത് ആഴം കൂട്ടുവാനും തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്..

2008-09 സാമ്പത്തിക വർഷത്തിൽ കാർഷികാവശ്യത്തിനുംജലസേചനത്തിനുമായി തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ച ജലസ്രോതസ്സുകളുടെ പട്ടിക ചുവടെ കൊടുത്തിരിക്കുന്നു.

| | | എണ്ണം | ചിലവായ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | ജലസംരക്ഷണവും ജലകൊയ്ത്തും | 4897 | 2164.86 |
| 2. | സൂക്ഷ്മ ചെറുകിട ജലസേചന പദ്ധതികൾ | 6827 | 2237.86 |
| 3. | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം | 7840 | 2932.54 |
| | ആകെ | 19564 | 7335.15 |

| | | |
|---|---|---|
| (ഇ) | ഈ വർഷം എത്ര ഏക്കർ ഭൂമിയിൽ കൂടുതലായി കൃഷി ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | നടപ്പുവർഷത്തെ പദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ ജൂലൈ മാസത്തിൽഅംഗീകാരംനേടണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. പദ്ധതി അംഗീകാരപ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വിശദാംശം ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 210 — 30.06.2009 ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളിൽ പൊതുശ്മശാനവും സ്ലോട്ടർ ഹൗസും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എ.അസീസ് | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും, പൊതു ശ്മശാനവും, സ്ലോട്ടർ ഹൗസും നിർബന്ധമാക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | പൊതുശ്മശാനം, അറവുശാല എന്നിവ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ അവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 11-ാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിനായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും ശ്മശാന നിർമ്മാണ പദ്ധതിയും അറവുശാല നിർമ്മാണവും നിർബന്ധമായും ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിലേക്ക് പ്രത്യേക സാമ്പത്തിക സഹായം പഞ്ചായത്തുകൾക്ക് നൽകുമോ; | (ബി) | 2006-07 സാമ്പത്തിക വർഷത്തിൽ 45 ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപ വീതം 45 ലക്ഷം രൂപയും 2008-09 സാമ്പത്തിക വർഷത്തിൽ 20 ഗ്രാമപഞ്ചായത്തുകൾക്ക് 2 ലക്ഷം രൂപ വീതം 40 ലക്ഷം രൂപയുംശ്മശാന നിർമ്മാണ ധനസഹായമായി അനുവദിക്കുകയുണ്ടായി. 2009-10 സാമ്പത്തിക വർഷത്തിൽ 17 ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 170 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 2008-09-ൽ അറവുശാല നിർമ്മാണത്തിനായി 40 ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതം 200 ലക്ഷം രൂപ വകയിരുത്തുകയും നടപ്പ് |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം 45 ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതം 225 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അറവുശാലകളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളായ ബയോ ഗ്യാസ് പ്ലാന്റ് ,സെപ്റ്റിക്ടാങ്ക്, സോക്ക് പിറ്റ് സംവിധാനമുണ്ടാക്കാൻ പദ്ധതിയുടെ മൂന്നിലൊന്ന് തുകയോ 5 ലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സഹായമായി ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്നതാണ്. |
| (സി) | ആടുമാടുകളെ കശാപ്പു ചെയ്ത് റോഡ് സൈഡിൽ മാംസം പ്രദർശിപ്പിച്ചു കച്ചവടം നടത്തുന്നത് കർശനമായി നിരോധിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ആടുമാടുകളെ കശാപ്പുചെയ്ത് റോഡ് സൈഡിൽ മാംസം പ്രദർശിപ്പിച്ച് കച്ചവടം നടത്തുന്നത് തടയാൻ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ